# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തകഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-1/654/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 01/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തകഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തകഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തകഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-1/654/2022 തീയ്യതി: 01/07/2022

## ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജീവ്. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 22-04-2022 | 30-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-04-2022 | 30-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ശ്രീദേവി.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.രഞ്ജു പ്രകാശ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബു എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.റ്റീനു ടോം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അംബിക ഷിബു | പ്രസിഡന്റ് | 01-04-2020 | 29-09-2020 |
| ശ്രീ.എസ്.അജയകുമാർ | പ്രസിഡന്റ് | 30-09-2020 | 31-03-2021 |
| ശ്രീ.ബിന്ദുരാജ് എം.എ | സെക്രട്ടറി | 01-04-2020 | 25-05-2020 |
| ശ്രീ.രാജീവ്.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-05-2020 | 06-08-2020 |
| ശ്രീമതി.ശോഭ.കെ | സെക്രട്ടറി | 07-08-2020 | 05-01-2021 |
| ശ്രീ.മുഹമ്മദ് ഇക്ബാൽ.എം | സെക്രട്ടറി | 06-01-2021 | 31-03-2021 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 17-11-2020 | 02-12-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുനിഷ.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഗീതകുമാരി.എൻ.കെ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.റസിയ ബീവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.രാജു.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. രാജി.ആർ. നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ.ഷിബു.എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ജോഷ്മി പ്രതാപൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.അതുൾ ജ്യോതി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ.എം .മുഹമ്മദ് നൌഷാദ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജോസ് ജോൺ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.ശരവണേശ്വർ .എൽ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 26-04-2020 |
| ശ്രീ.സതീഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 27-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Teenu Tom (Auditor, On 30-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: P.Sabu (Audit Officer (HG), On 03-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ-<br>Written By: P.Sabu (Audit Officer (HG), On 03-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Teenu Tom (Auditor, On 30-04-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-9 |
| 11 | രസീത് ബുക്കുകൾ അലക്ഷ്യമായി ഉപയോഗിക്കുന്നു-ഒരേ തുകയ്ക്ക് രണ്ടു തവണ രസീത് നൽകി-<br>Written By: Teenu Tom (Auditor, On 30-04-2022)<br>Last Updated By: Rajeev R (Deputy Director, On 24-06-2022) | 1-10 |
| 12 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Teenu Tom (Auditor, On 30-04-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-11 |
| 13 | കൃഷിയിറക്കി ആദായമെടുക്കുന്നതിനുള്ള അവകാശം ലേലം-തുക എഴുതി തള്ളി - 10880/-രൂപ നഷ്ടം<br>Written By: A.P.Shibu (Senior Grade Auditor, On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 24-06-2022) | 1-12 |
| 14 | കിടാരി വിതരണം - നിർവ്വഹണത്തിൽ നിരവധി അപാകതകൾ-189000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല-<br>Written By: A.P.Shibu (Senior Grade Auditor, On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-13 |
| 15 | വൃദ്ധർക്ക് കട്ടിൽ- മാനദണ്ഡങ്ങൾ പാലിക്കാതെ നല്കി - 7372/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Renju Prakash (Senior Grade Auditor, On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-14 |

| | | |
|---|---|---|
| 16 | വൃദ്ധർക്ക് കട്ടിൽ - വിതരണ വിവരം ലഭ്യമല്ല - 5,07,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Renju Prakash (Senior Grade Auditor, On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-15 |
| 17 | പരസ്യ ചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല -നഷ്ടം 3432/- രൂപ<br>Written By: Renju Prakash (Senior Grade Auditor, On 30-04-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-16 |
| 18 | പരസ്യങ്ങൾ നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതൽ നൽകുന്നു - 11446/- രൂപയുടെ ചെലവ് നിരാകരിക്കുന്നു<br>Written By: Renju Prakash (Senior Grade Auditor, On 30-04-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-17 |
| 19 | ഐ.കെ.എം. വിഹിതം അടവാക്കൽ, എസ്.എസ്.എ വിഹിതം നൽകൽ. വിനിയോഗ രേഖകളുടെ അഭാവത്തിൽ 770000 രൂപ തടസ്സപ്പെടുത്തുന്നു-<br>Written By: P. Sreedevi (Audit Officer, On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-18 |
| 20 | കുടിവെള്ളവിതരണം രേഖകൾ ലഭ്യമാക്കിയില്ല - 46800/ രൂപയുടെ ചെലവ് തസ്സപ്പെടുത്തുന്നു<br>Written By: Renju Prakash (Senior Grade Auditor, On 30-04-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-19 |
| 21 | തെരുവുവിളക്കുകൾ സ്ഥാപിക്കൽ - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച-<br>Written By: P. Sreedevi (Audit Officer, On 02-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-20 |
| 22 | വെള്ളക്കര കുടിശിക-വാട്ടർ അതോറിറ്റി രേഖകൾ പ്രകാരം 3 കോടിയോളം രൂപ ഒടുക്കുവാൻ അവശേഷിക്കുന്നു-<br>Written By: Renju Prakash (Senior Grade Auditor, On 30-04-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-21 |
| 23 | വിവിധ നിക്ഷേപപ്രവൃത്തികളുടെ ചെലവ് രേഖകളുടെ അഭാവത്തിൽ 5652916 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: P. Sreedevi (Audit Officer, On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-22 |
| 24 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ വാങ്ങൽ - വിതരണ വിവരം പൂർണമായും ലഭ്യമാക്കില്ല - 52140/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Renju Prakash (Senior Grade Auditor, On 30-04-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-23 |
| 25 | സുഭിക്ഷകേരളം - പച്ചക്കറി തൈ -ഗ്രോബാഗ് വിതരണം (വനിത)- വിതരണരേഖകൾ ഹാജരാക്കിയില്ല.<br>Written By: P. Sreedevi (Audit Officer, On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-24 |
| 26 | കമ്പ്യൂട്ടർ & പ്രിന്റർ വാങ്ങൽ -സ്റ്റോർ പർച്ചേസിലെ നിബന്ധനകൾക്കു വിരുദ്ധമായി വാങ്ങൽ നടത്തി-<br>Written By: A.P.Shibu (Senior Grade Auditor, On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-25 |
| 27 | പി.എച്ച്.സിയ്ക്ക്- മരുന്നുകൾ ലഭ്യമാക്കിയില്ല-85117/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-26 |

| | | |
|---|---|---|
| 28 | കൃഷി ഭവന് കംപ്യൂട്ടറും പ്രിന്ററും വാങ്ങൽ- നാളിതുവരെയും കമ്പ്യൂട്ടർ ലഭിച്ചില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു-<br>Written By: P. Sreedevi (Audit Officer, On 02-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-27 |
| 29 | തകഴി ശിവശങ്കരപ്പിള്ള സ്മാരക ഗവ. യു.പി സ്കൂളിലെ ഹൈ - ടെക് ക്ലാസ് മുറി-സർക്കാർ ഉത്തരവ് പാലിക്കാതെ വാങ്ങൽ നടത്തി-<br>Written By: Renju Prakash (Senior Grade Auditor, On 30-04-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-28 |
| 30 | SC-ശ്മശാനം നവീകരണം-അധിക ചെലവ്-6821/- രൂപ<br>Written By: P.Sabu (Audit Officer (HG), On 30-04-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-29 |
| 31 | ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്-നഷ്ടം-15736/-<br>Written By: P.Sabu (Audit Officer (HG), On 30-04-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-30 |
| 32 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കുന്നില്ല-അധികം നൽകിയത് - 21062/-<br>Written By: P.Sabu (Audit Officer (HG), On 30-04-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-31 |
| 33 | കയർ ഭൂവസ്ത്രം വിരിക്കൽ- കൂലിയിനത്തിൽ അധികം തുക ചെലവഴിച്ചു- നഷ്ടം-27273/-രൂപ.<br>Written By: P.Sabu (Audit Officer (HG), On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-32 |
| 34 | മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-കേന്ദ്ര സർക്കാരിനു നഷ്ടം-11436/-രൂപ<br>Written By: P. Sreedevi (Audit Officer, On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-33 |
| 35 | MGNREGS-കരാറുകാരനിൽ നിന്നും ജിഎസ്ടി ഈടാക്കിയില്ല -GST വകുപ്പിന് നഷ്ടം-30966/-<br>Written By: P.Sabu (Audit Officer (HG), On 30-04-2022)<br>Last Updated By: Rajeev R (Deputy Director, On 24-06-2022) | 1-34 |
| 36 | ലാപ്ടോപ്പ് വിതരണം (എസ്.സി) -വാങ്ങലിലെ അപാകത-91,580/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Renju Prakash (Senior Grade Auditor, On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-35 |
| 37 | ലൈഫ് ഭവന പദ്ധതി - ആനുകൂല്യം കൈപ്പറ്റിയവർ ഇപ്പോഴും നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു-<br>Written By: Renju Prakash (Senior Grade Auditor, On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 24-06-2022) | 1-36 |
| 38 | സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ യഥാസമയം തീർപ്പ കൽപ്പിക്കപ്പെടുന്നില്ല -<br>Written By: A.P.Shibu (Senior Grade Auditor, On 02-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-37 |
| 39 | പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നിർവ്വഹിക്കപ്പെടുന്നില്ല-<br>Written By: Renju Prakash (Senior Grade Auditor, On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 24-06-2022) | 1-38 |
| 40 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ -<br>Written By: P.Sabu (Audit Officer (HG), On 30-04-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-39 |

| | | |
|---|---|---|
| 41 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു-<br>Written By: P.Sabu (Audit Officer (HG), On 30-04-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-40 |
| 42 | ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച്-<br>Written By: P.Sabu (Audit Officer (HG), On 30-04-2022)<br>Last Updated By: Rajeev R (Deputy Director, On 24-06-2022) | 1-41 |
| 43 | 12-ഇന പരിപാടി -ടേക്ക് എ ബ്രേക്ക് -ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം-<br>Written By: P.Sabu (Audit Officer (HG), On 02-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-42 |
| ഭാഗം **2** | | |
| 1 | കൃഷിയിറക്കി ആദായമെടുക്കുന്നതിനുള്ള അവകാശം ലേലം-തുക എഴുതി തള്ളി - 10880/-രൂപ നഷ്ടം<br>Written By: A.P.Shibu (Senior Grade Auditor, On 02-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 2-1 |
| 2 | ഒരേ തുകയ്ക്ക് രണ്ടു തവണ രസീത് നൽകി-<br>Written By: P.Sabu (Audit Officer (HG), On 03-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 03-06-2022) | 2-2 |
| ഭാഗം **3** | | |
| 1 | പരസ്യ ചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല -നഷ്ടം 3432/- രൂപ<br>Written By: P.Sabu (Audit Officer (HG), On 02-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 3-1 |
| 2 | SC-ശ്മശാനം നവീകരണം-അധിക ചെലവ്-6821/- രൂപ<br>Written By: P.Sabu (Audit Officer (HG), On 02-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 3-2 |
| 3 | ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്-നഷ്ടം-15736/-<br>Written By: P.Sabu (Audit Officer (HG), On 02-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 3-3 |
| 4 | MGNREGS-കരാറുകാരനിൽ നിന്നും ജിഎസ്ടി ഈടാക്കിയില്ല -GST വകുപ്പിന് നഷ്ടം-30966/-<br>Written By: P.Sabu (Audit Officer (HG), On 02-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 3-4 |
| 5 | മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-കേന്ദ്ര സർക്കാരിനു നഷ്ടം-11436/-രൂപ<br>Written By: P. Sreedevi (Audit Officer, On 02-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 3-5 |
| 6 | കിടാരി വിതരണം -നിർവ്വഹണത്തിൽ നിരവധി അപാകതകൾ-189000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല-<br>Written By: P.Sabu (Audit Officer (HG), On 03-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 3-6 |
| 7 | പരസ്യങ്ങൾ നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതൽ നൽകുന്നു - 11446/- രൂപയുടെ ചെലവ് നിരാകരിക്കുന്നു<br>Written By: Renju Prakash (Senior Grade Auditor, On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 3-7 |
| 8 | വൃദ്ധർക്ക് കട്ടിൽ- മാനദണ്ഡങ്ങൾ പാലിക്കാതെ നല്കി - 7372/-രൂപയുടെ ചെലവ് നിരാകരിക്കുന്നു<br>Written By: Renju Prakash (Senior Grade Auditor, On 01-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 3-8 |
| 9 | കയർ ഭൂവസ്ത്രം വിരിക്കൽ- കൂലിയിനത്തിൽ അധികം തുക ചെലവഴിച്ചു-നഷ്ടം-27273/-രൂപ.<br>Written By: P. Sreedevi (Audit Officer, On 02-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 3-9 |

| | | |
|---|---|---|
| 10 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കുന്നില്ല-അധികം നൽകിയത് - 21062/-<br>Written By: P.Sabu (Audit Officer (HG), On 03-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 3-10 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Rajeev R (Deputy Director, On 24-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Teenu Tom (Auditor, On 01-05-2022) | 4-3 |
| 4 | വായ്പ, വായ്പ തിരിച്ചടവ്<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Rajeev R (Deputy Director, On 20-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Teenu Tom (Auditor, On 01-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Rajeev R (Deputy Director, On 24-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Teenu Tom (Auditor, On 01-05-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക<br>Written By: P.Sabu (Audit Officer (HG), On 03-06-2022)<br>Last Updated By: Rajeev R (Deputy Director, On 20-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Rajeev R (Deputy Director, On 24-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Teenu Tom (Auditor, On 25-04-2022)<br>Last Updated By: Rajeev R (Deputy Director, On 24-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 02.03.2020- തീയതിയിലെ 1 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു-

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 14,75,24,200 | 15,82,21,214 |
| വാർഷിക കണക്ക് പ്രകാരം | 15,22,54,561 | 15,36,03,690 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.05.2021 | 19.05.2021 |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ-

വാർഷിക കണക്കുകളുടെ പരിശോധനയിൽ കാണുന്ന പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡിപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ, Contracters EMD, Suppliers EMD, Contracters SD, Suppliers SD, Contracters Retention, Other Deposit, Auction Deposit എന്നീ ഇനങ്ങളുടെ വരവും ചെലവും ഒരുമിച്ച് ചേർത്തിരിക്കുന്നു. ആയതിനാൽ, തൻവർഷത്തെ വരവ് - ചെലവ് - നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.

2.ബാലൻസ് ഷീറ്റിലെ (ബി4 പട്ടിക) ആസ്തി വിവരങ്ങളുടെ കൃത്യത പരിശോധിക്കാനാവശ്യമായ വിവരങ്ങളോ രേഖകളോ ലഭ്യമാക്കിയിട്ടില്ല.

3. വെള്ളക്കര കുടിശികയിനത്തിൽ വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരമുള്ള 31.03.2021 ലെ കുടിശ്ശിക തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 9/27.04.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ ആവർത്തിയ്ക്കാതിരിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,35,65,791 |
| വരവ് | 7,99,06,169 |
| ആകെ | 9,34,71,960 |
| ചെലവ് | 7,95,93,018 |
| നീക്കിയിരിപ്പ് | 1,38,78,942 |

## 1-4 ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് (ACR പ്രകാരം) | ഉറവിടത്തിൽ കുറവ് ചെയ്തത് | ആകെ | ചെലവ് (ഉറവിടത്തിൽ നിന്നുള്ളത് ഉൾപ്പെടെ) | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | - | 2,05,23,715 | 24,70,691 | 22,99,406 | 22,99,406* | 0 |
| വികസന ഫണ്ട്-എസ്.സി.പി | - | 91,75,306 | 3,22,588 | 94,97,894 | 82,50,397* | 12,47,497* |
| വികസന ഫണ്ട്-ടി.എസ്.പി | - | 98000 | - | 98000 | - | 98000 |
| 15-ാം ധനകാര്യ കമ്മീഷൻ | - | 1,11,85,696 | - | 1,11,85,696 | 93,19,502 | 18,66,194 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്(un-tied) | | | | | | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | - | 50,10,000 | - | 50,10,000 | 36,91,128 | 13,18,872 |
| മെയിന്റനൻസ്-റോഡ് | - | 67,67,000 | - | 67,67,000 | 67,67,000 | - |
| മെയിന്റനൻസ്-നോൺ റോഡ് | - | 38,64,515 | - | 38,64,515 | 38,64,515 | - |

*ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് (ജനറൽ), (എസ്.സി.പി) എന്നീ ഇനങ്ങളിലെ വരവ്-ചെലവുകളിൽ ഉറവിടത്തിൽ കുറവ് ചെയ്ത തുക ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 198 | 133489106 | 157 | 69906367 | 11 | 23 | 52.36% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 100 | 13,18,839 | 13,18,939 | 13,17,939 | 1000 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 3,18,06,553 | 3,18,06,553 | 3,18,06,553 | 0 |
| ആകെ | 100 | 3,31,25,392 | 3,31,25,492 | 3,31,24,492 | 1000 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30,960 | 43 |
| കർഷകതൊഴിലാളി പെൻഷൻ | 1,75,51,200 | 1281 |
| വിധവാ പെൻഷൻ | 88,67,100 | 658 |
| വാർദ്ധക്യകാല പെൻഷൻ | 1,66,11,100 | 1431 |
| വികലാംഗ പെൻഷൻ | 37,12,500 | 255 |
| അവിവാഹിത പെൻഷൻ | 5,31,700 | 37 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,20,000 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.04.2022 3.00-പി.എം-ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28087/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തിയിൻമേൽ വിലയിരുത്തൽ നടത്തുന്നതായി രേഖയില്ല. പ്രോജക്ടുകളിൽ അതത് വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല, ഉള്ളവ അപൂർണ്ണമാണ്.
2. ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
3. കടിവെള്ള കരമിനത്തിൽ രണ്ടരകോടിയോളം രൂപ കുടിശ്ശിക അടയ്ക്കുവാനുള്ളതായി കാണുന്നു. ആയത്

കുറയ്ക്കുന്നതിനാവശ്യമായ നടപടികളൊന്നും തന്നെ സ്വീകരിച്ചു കാണുന്നില്ല.
4. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല.കറന്റ് ചാർജ്ജിനത്തിൽ ഒടുക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ താരിഫ് കാർഡ് പഞ്ചായത്തിൽ നിലവിലില്ല. നിലവിൽ പഞ്ചായത്തിൽ ഉപയോഗിക്കുന്ന ബൾബുകളുടെയും ട്യൂബുകളുടെയും കൃത്യമായ സ്ഥിതി വിവരക്കണക്കില്ല.
5. തൻ വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയതിന് രേഖകളില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് എഴുതി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 രസീത് ബുക്കുകൾ അലക്ഷ്യമായി ഉപയോഗിക്കുന്നു-ഒരേ തുകയ്ക്ക് രണ്ടു തവണ രസീത് നൽകി-

1. രസീതുകളിൽ തീയതി രേഖപ്പെടുത്തുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രസീത് ബുക്ക നം | രസീത് നം | |
|---|---|---|---|
| 1 | 3162 | 53, 54, 55, 56, 57, 58, 59 | ഓഫീസ് ഉപയോഗത്തിന് |
| 2 | 11751 | 7, 8, 9 | ഫ്രണ്ട് ഓഫീസ് |
| 3 | 10750 | 3, 23 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. |

2. ഒരു വ്യക്തിക്ക് ഒരു തവണ അടച്ച തുകയ്ക്ക് രണ്ടു തവണ രസീത് നൽകി. ഫ്രണ്ട് ഓഫീസ് രസീത് ബുക്ക നം. 11751 പ്രകാരം ഔസേപ്പ്, പുതുപ്പറമ്പ് 14/12/2021- ൽ ഒടുക്കിയ 419 രൂപയ്ക്ക് രസീത് നം. 15, രസീത് നം. 19 എന്നീ രസീതുകൾ നൽകി.
3. കേരള ട്രഷറി കോഡ് ആർട്ടിക്കിൾ 90(എ) പ്രകാരം രസീതിന്റെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം ഒടുക്കുന്ന ആൾക്ക് നൽകേണ്ടതുമാണ്. എന്നാൽ ഓഫീസിൽ രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പി മാത്രമാണ് സൂക്ഷിച്ചിരിക്കുന്നത്.

രണ്ടു തവണ രസീത് നൽകി, ഒരു തവണ മാത്രം ഒടുക്ക് വരുത്തിയ 419/- രൂപ തനത് ഫണ്ടിൽ ഒടുക്ക് വരുത്തുകയോ, അല്ലാത്ത പക്ഷം രണ്ടാമത് നൽകിയ രസീതിന്റെ കോപ്പി തിരിച്ചു വാങ്ങി റദ്ദു ചെയ്ത് ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതുമാണ്. അതുവരെ സെക്രട്ടറിയുടെ ബാധ്യതയായി നിലനിൽക്കുന്നതാണ്.

## 1-11 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 4 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല, ചട്ടം 10, പ്രകാരം വർഷാവസാനത്തിനു 30 മുപ്പതുദിവസത്തിനു മുൻപ് നിശ്ചിതഫീസ് പഞ്ചായത്തിൽ ഒടുക്കി ലൈസൻസ് പുതുക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷം ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.33/20-21)ക്ക് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുൾപ്പെടുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

| ക്രമ നം. | അപേക്ഷകൻ | വാർഡ് നം. | കെട്ടിട നം. | ആവശ്യം |
|---|---|---|---|---|
| 1 | ബാബു തോമസ് | Xiii | 344 | പാത്രക്കട |
| 2 | കെ.ജെ.ജോസ് | Xiii | 325 | പച്ചക്കറികട |
| 3 | അസീസുകുട്ടി | Xi | 276 | ബേക്കറി/സ്റ്റേഷനറി |
| 4 | കെ.യു.വിനോദ് | Vi | 328 | പാർവ്വതി മില്ല് |
| 5 | ബിജോയ് ബി | V | 407 | അലുമിനിയം ഫാബ്രിക്കേഷൻ |
| 6 | നവാസ് | I | 177B | പലചരക്ക് & സ്റ്റേഷനറി |

## 1-12 കൃഷിയിറക്കി ആദായമെടുക്കുന്നതിനുള്ള അവകാശം ലേലം-തുക എഴുതി തള്ളി - 10880/-രൂപ നഷ്ടം

തകഴി പഞ്ചായത്തിലെ സർവ്വേ നം. 363/2 ൽ പ്പെട്ട നിലം കൃഷിയിറക്കി ആദായമെടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുന്ന ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ.

തകഴി പഞ്ചായത്തിലെ സർവ്വേ 363/2 ൽ പ്പെട്ട വസ്തു കൃഷിയിറക്കി ആദായമെടുക്കുന്നതിനുള്ള അവകാശം 26/06/20 ൽ നടന്ന ലേലത്തിൽ ലേലം കൈക്കൊണ്ടത് ജെയിംസ് വർഗ്ഗീസ് പൂമംഗലം എന്നയാളാണ്.ടിയാൾ ലേലം കൈക്കൊണ്ടത് 16000/- രൂപയ്ക്കാണ്. എന്നാൽ ടി യാൻ 02/07/2020 ൽ ലേല തുക രണ്ട് പ്രാവശ്യമായി അടച്ചു തീർക്കുവാൻ അപേക്ഷിയ്ക്കുകയും ഇതേ തുടർന്ന് 08/07/20 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ലേല തുക രണ്ടു ഗഡുക്കളായി അടച്ചു തീർക്കാനും ആദ്യ ഗഡു 8000+18% പലിശയോടെ ജൂലൈ മാസത്തിലും ബാക്കി തുക ഒക്ടോബർ മാസത്തിലും അടയ്ക്കുന്നതിനും അനുമതി നൽകുകയും ചെയ്തു. ടിയാൾ 9020/- രൂപ (ജി.എസ്.ടി+ ഫ്ലഡ് സെസ്) 120010100801/12-11-20 നം രസീത് പ്രകാരം അടവാക്കിയിട്ടുണ്ട്. പക്ഷേ ടിയാളിൽ നിന്നും പലിശ ഈടാക്കിയിതായി കാണുന്നില്ല. ബാലൻസ് തുകയായ 8000+ ജി.എസ്.ടി വെള്ളപ്പൊക്കത്തിൽ കൃഷി നശിച്ചത് മൂലം ഒഴിവാക്കി നൽകണമെന്ന ടിയാളുടെ അപേക്ഷയിൻമേൽ (08/10/2020 ലെ A1-3115/20) 06-11-20ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം 8(1) പ്രകാരം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ തകഴി പഞ്ചായത്തിലെ ലേല നിബന്ധനകൾ പ്രകാരം ലേലം ഉറപ്പിച്ച് 5 ദിവസത്തിനുള്ളിൽ ഓരോ ലേലത്തിന് നിശ്ചയിച്ചിട്ടുള്ള ലേല തുക ലേലം ഉറപ്പിച്ച് ലഭിയ്ക്കുന്ന വ്യക്തി അടയ്ക്കേണ്ടതും ആയതിന് ശേഷം മാത്രമേ ലേല വ്യവസ്ഥ പ്രകാരമുള്ള അവകാശം പഞ്ചായത്തിൽ നിന്നും ടി വ്യക്തിയ്ക്ക് നൽകാവൂ എന്നുമാണ്. ടി യാൾ ലേലം നടത്തി 5 മാസത്തിന് ശേഷം മാത്രമാണ്( 12/11/20 ) പകുതി തുക അടച്ചത്.

1998 ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിയ്ക്കാത്ത തുകകൾ എഴുതിത്തള്ളൽ)ചട്ടങ്ങൾ(SRO നം421/98) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന് പരമാവധി ആയിരം രൂപ വരെയുള്ള തുകകളേ എഴുതിതള്ളാൻ സാധിയ്ക്കുകയുള്ളൂ. തുക കൂടുതലായാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും, സർക്കാരിന്റെയും അംഗീകാരം വാങ്ങിയ ശേഷം മാത്രമേ എഴുതിതള്ളാൻ സാധിയ്ക്കുകയുള്ളൂ, മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14/28-04-22) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക എഴുതിത്തള്ളിയത് മൂലം പഞ്ചായത്ത് ഫണ്ടിന് 10880/- (8000+18%+1440) രൂപയുടെ (ലേല രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം) നഷ്ടമാണ് ഉണ്ടായിരിയ്ക്കുന്നത്. 1998 ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങൾ(SRO നം466/98) പ്രകാരവും കിഴിവ് അനുവദിക്കുന്നത് കരാർ കാലയളവിൽ എത്ര ദിവസത്തേക്ക് തടസ്സം നേരിട്ടുവോ അതിന് ആനുപാതികമായിരിക്കണം, കൂടാതെ, താമസിച്ചുള്ള ഒടുക്കിന് കരാർ വ്യവസ്ഥ പ്രകാരം ബാധകമായ പിഴയ്ക്ക് കിഴിവ് അനുവദിക്കാവുന്നതുമല്ല. കരാർ പ്രകാരം തവണകൾ അനുവദിച്ചിട്ടുള്ളപക്ഷം, തടസ്സം സംഭവിക്കുന്നത് വരെയുള്ള കരാർ തുക ആ സാമ്പത്തിക വർഷം തന്നെ അടച്ചുതീർക്കുന്ന സാഹചര്യത്തിൽ മാത്രമാണ് കിഴിവിന് അർഹത ലഭിക്കുന്നതും (ഇവിടെ അനുവദിക്കപ്പെട്ടിരുന്ന കാലയയളവിനുള്ളിൽ ആദ്യ ഗഡു അടയ്ക്കുകയുണ്ടായിരുന്നില്ല. ഇതിന്മേൽ പിഴയും ചുമത്തിയിട്ടില്ല) പതിനായിരം രൂപയ്ക്ക് മേൽ കിഴിവ് അനുവദിക്കുന്നതിന് മുമ്പ് പഞ്ചായത്ത് സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതുമുണ്ട് (ഇവിടെ മൊത്തം നഷ്ടം 10880/-രൂപയാണ്) ഇത് പ്രകാരം ശ്രീ ജെയിംസ് വർഗ്ഗീസ് പൂമംഗലം എന്നയാളിൽ നിന്നും ടി തുക ഈടാക്കാത്ത പക്ഷം ബന്ധപ്പെട്ട സെക്രട്ടറി, തുക എഴുതിതള്ളാൻ തീരുമാനമെടുത്ത കമ്മിറ്റിയിലെ അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ടി തുക ഒടുക്കുന്നതു വരെയുള്ള പലിശ ഇവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-13 കിടാരി വിതരണം - നിർവ്വഹണത്തിൽ നിരവധി അപാകതകൾ-189000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല-

വെറ്ററിനറി സർജൻ നടപ്പിലാക്കിയ സുഭിക്ഷ കേരളം-കിടാരി വിതരണം എസ്.സി.പി.(വനിത) പദ്ധതി പ്രകാരം പട്ടികജാതി വർഗ്ഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് ആറു മുതൽ എട്ടു മാസം വരെ പ്രായമുള്ള കിടാരികളെ 75% സബ്സിഡി(യൂണിറ്റ് കോസ്റ്റ് 12000/-(75% സബ്സിഡി 9000/-,)3000 ഗുണഭോക്തൃവിഹിതം) നിരക്കിൽ 70 പശുക്കുട്ടികളെ എസ്.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകാനാണ് വിഭാവനം ചെയ്തത്. ഇപ്രകാരം ശ്രീ.ഗോപി, ജി.ഇ.ഇ ഫാം മഞ്ഞിലക്കാട്ടുവെളിയിൽ, വയലാർ പി.ഒ, ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും 70 കിടാരികളെ വാങ്ങി നൽകിയിട്ടുണ്ട്. പശുക്കുട്ടികളുടെ വിലയായി 8,40,000/- രൂപ മേൽ സ്ഥാപനത്തിലേയ്ക്കു അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക-1

| | |
|---|---|
| പ്രോജക്ട് | എസ്.ഒ 214/21 |

| | |
|---|---|
| നമ്പർ | |
| പ്രോജക്റ്റ് | സുഭിക്ഷ കേരളം-കിടാരി വിതരണം എസ്.സി.പി. (വനിത) |
| അടങ്കൽ | 8.40,000 (6,30,000(എസ്.സി.പി),2,10,000 മറ്റുള്ളവ)<br>ചെലവഴിച്ച തുക-8,40,000 |
| ചെലവ് | 'ട്രഷറി ബിൽ നമ്പർ 7/20-21/16-04-20 -2,88,000, ബിൽ=12/11-20-96000/- ട്രഷറി ബിൽ നമ്പർ 7/20-21,-72000/-,16-01-20 24000/- ട്രഷറി ബിൽ നമ്പർ 8/20-21 ആകെ 2,70,000/-,ബിൽ 24/02/21-90000<br>ആകെ 8,40,000 |

ടി തുക പൂർണ്ണമായും ശ്രീ.ഗോപി, ജി.ഇ.ഇ ഫാം മഞ്ഞിലക്കാട്ടുവെളിയിൽ എന്നയാൾക്ക് നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) SC വിഭാഗത്തിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി-

എസ്.സി ഗുണഭോക്താക്കൾക്ക് മാത്രമായാണ് ടി പദ്ധതി നടപ്പാക്കിയത്. എന്നാൽ പദ്ധതി നടപ്പാക്കിയപ്പോൾ എസ്.സി വിഭാഗത്തിൽപെടാത്തയാൾക്കും ആനുകൂല്യം നൽകിയതായി കാണുന്ന വിശദവിവരങ്ങൾ ചുവടെ

| ക്രമ നം | ഗുണഭോക്താവിന്റെ വിവരങ്ങൾ | അപാകത |
|---|---|---|
| 1 | ജോമോൾ,കൃപാലയം, കരുമാടി വാർഡ് നം 2 | കരുമാടി വില്ലേജോഫീസർ നൽകിയ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിൽ OECഎന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് |

വില്ലേജോഫീസർ നൽകിയ സർട്ടിഫിക്കറ്റിൽ ക്രിസ്ത്യൻ ചേരമർ -OEC എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടും ടി ഗുണഭോക്താവിന് ആനുകൂല്യം നൽകിയത് സബ്സിഡ് മാർഗ്ഗരേഖയുടെ ലംഘനമാണ്. ടിയാൾക്ക് നൽകിയ സബ്സിഡി തുകയായ 9000/- രൂപ തിരികെ ഈടാക്കാത്ത പക്ഷം ടി തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2)ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി-

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റില്ലാത്തതും, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവരുമാണ്.

| ക്രമ നം | ഗുണഭോക്താവിന്റെ വിവരങ്ങൾ | അപാകത |
|---|---|---|
| 1 | ഹേമ.എ, കീർത്തിനിവാസ്, കരുമാടി വാർഡ് നം. 1 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 2 | ലീലാ മണി, നെല്ലിശ്ശേരിത്തറ, തകഴി വാർഡ് നം. 14 | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 3 | ആതിര.എ, പറവുകാലയിൽ, പടഹാരം, വാർഡ്നം 3 | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല, ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 4 | മനോരമ, ആഞ്ഞിലിവേലി, വിരുപ്പാല, തകഴി വാർഡ് നം 6 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 5 | സുഷമ്മ, ഹരിദാസ്, മാലിച്ചിറ ഹൗസ്, ചെക്കിടികാട് വാർഡ് നം. 9 | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 6 | സരസമ്മ പ്രഭാകരൻ, നാല്പതാംകളം ചെക്കിടികാട്, വാർഡ് നം. 8 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 7 | സജിത.കെ.ആർ, കേളമംഗലം, വാർഡ് നം. 7 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 8 | ഉമ ശാന്തമംഗലം, കരുമാടി, അമ്പലപ്പുഴ, വാർഡ് നം. 2 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |

| | | |
|---|---|---|
| 9 | അമ്പിളി, അഭിജിത് ഭവനം, വാർഡ് നം. 6 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 10 | ശാരി പ്രശാന്ത്, പ്രശാന്ത് ഭവനം, തകഴി വാർഡ് നം 13 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 11 | കൗസല്യ, സന്ധ്യഭവനം, കരിശ്ശൂമല കോളനി, വിരുപ്പാല വാർഡ് നം. | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 12 | ദീപ, ദീപക് നിവാസ്, കുന്നമ്മ.പി.ഒ, തകഴി | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 13 | സിന്ധു, സിന്ധുഭവനം, കുന്നമ്മ വാർഡ് നം. 10 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 14 | സുകുമാരി, ഉണ്ണിനിവാസ്, കുന്നമ്മ വാർഡ് നം. 11 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 15 | വിനീഷ, പുത്തൻകരിച്ചിറ, കുന്നമ്മ വാർഡ് നം. 11 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 16 | കെ.കെ.ഓമന, കാട്ടിൽപറമ്പിൽ, കുന്നമ്മ വാർഡ് നം. 11 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 17 | ശ്രീലത ശ്രീകുമാർ, കന്യാകോണിൽ, ചിറയകം വാർഡ് നം. 3 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 18 | പി.റ്റി.തങ്കമ്മ, സുധീഷ്ഭവനം, പുല്ലങ്ങടി വാർഡ് നം. 3 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 19 | സിന്ധു, രേവതിഭവനം, കരിശ്ശുമല കോളനി, വിരുപ്പാല, തകഴി, വാർഡ് നം. 6 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 20 | മായാദേവി.എസ്, പുത്തൻപുര, പടഹാരം വാർഡ് നം. 2 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ള ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റി ലിസ്റ്റ് അംഗീകരിച്ച് നൽകിയിട്ടും, ആ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് ക്രമ വിരുദ്ധമാണ്. ആയതിനാൽ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടാത്ത മേൽ 20 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച സബ്സിഡി തുകയായ 1,80,000/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3)ചെലവഴിച്ച തുകയുടെ ആധികാരികത ഉറപ്പാക്കാൻ കഴിയുന്നില്ല-

ഫയൽ പരിശോധിച്ചതിൽ നിന്നും ടി ബില്ലുകളിൽ ട്രഷറി വഴി മാറിയ ബില്ലുകളുടെ ആധികാരികത മാത്രമേ ഉറപ്പിക്കാൻ സാധിച്ചുള്ളു മറ്റു ബില്ലുകളുടെ ബിൽ കോപ്പി ഫയലിലുണ്ടെങ്കിലും നൽകിയ ചെക്കിന്റെ വിവരങ്ങൾ/ട്രാൻസ്ഫർ ചെയ്ത വിവരങ്ങൾ ലഭ്യമല്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

I) 12/11/20-96000/-

Ii)16-01-20= 24000/-

Iii)24-02-21-90000 ടി തുകകളുടെ ട്രാൻസ്ഫർ വിവരങ്ങൾ/ചെക്കിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മറ്റ് അപാകതകൾ-

1)സബ്സിഡി മാർഗ്ഗരേഖ പ്രകാരം വാങ്ങുന്ന മൃഗങ്ങളുടെ പ്രായം ഗുണനിലവാരം എന്നിവ നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്, ആയത് ഉറപ്പാക്കിയ രേഖകൾ ഫയലിൽ ലഭ്യമല്ല.. ഇവയെ ഇൻഷ്വർ ചെയ്തതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല..

2) ഫയലിനൊപ്പം ഹാജരാക്കിയ ജി.ഇ.ഇ ഫാം മഞ്ഞിലക്കാട്ടുവെളി എന്ന സ്ഥാപനത്തിന്റെ ബിൽ പ്രകാരം ആകെ 70 കിടാരികളെ നൽകിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ ബില്ലുകളിലും, കൈപ്പറ്റ് രസീതുകളിലും, തീയതികൾ രേഖപ്പെടുത്തിയിട്ടില്ല, കൈപ്പറ്റ് രസീതുകളിൽ ചെക്ക് നം/തുക ട്രാൻസ്ഫർ ചെയ്ത വിവരങ്ങളോ ഇല്ല. ജി.ഇ.ഇ ഫാമിന്റെ തന്നെ പുതിയ ഇൻവോയിസ് ബില്ലെടുത്ത് അതിലാണ് കൈപ്പറ്റ് വിവരങ്ങൾ രേഖപ്പെടുത്തുന്നത്, ഉദാ ഇൻവോയിസ്

നം 042 ൽ നമ്പറിൽ 2,88,000/- രൂപ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ ചെക്ക് നമ്പരോ, ട്രാൻസ്ഫർ ചെയ്ത വിവരങ്ങളോ തീയതിയോ രേഖപ്പെടുത്തിയിട്ടില്ല (തീയതി ഇല്ല)

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 26/30-04-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-14 വൃദ്ധർക്ക് കട്ടിൽ- മാനദണ്ഡങ്ങൾ പാലിക്കാതെ നല്കി - 7372/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രോജക്ട് നം.13/21 (എസ്.സി)

അടങ്കൽ- 43,700/-(പൊതു വിഭാഗം) + 185000 (എസ്.സി.പി) =228700
ചെലവ്- 43,700/-(പൊതു വിഭാഗം) + 185000 (എസ്.സി.പി) =228700

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ടി പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി. ശ്യാമള കുമാരൻ, വിരവൃതര, കുന്നമ്മ എന്നയാളുടെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, 15.03.2017 ൽ ഇഷ്യൂ ചെയ്ത റേഷൻ കാർഡിന്റെ പകർപ്പിൽ വയസ്സ് 47എന്നാണ് രേപ്പടുത്തിയിട്ടുള്ളത്. ആധാർ കാർഡിന്റെ പകർപ്പോ വയസ്സ് തെളിയിക്കുന്ന രേഖയോ ഹാജരാക്കിയിട്ടില്ല.

കൂടാതെ, ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി.ശാരദ, ആശാ ഭവനം, തെന്നടി എന്നയാളുടെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, ആധാർ കാർഡിന്റെ പകർപ്പിൽ ജനിച്ച വർഷമായി രേഖപ്പെടുത്തിയിരിക്കുന്നത് 1964 എന്നും 15.03.2017 ൽ ഇഷ്യൂ ചെയ്ത റേഷൻ കാർഡിന്റെ പകർപ്പിൽ വയസ്സ് ആയി 55 എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സബ്സിഡി മാർഗരേഖപ്രകാരം ടി പ്രോജക്ടിന്റെ ഗുണഭോക്താക്കൾ 60 വയസ്സ് പൂർത്തിയായവർ ആയിരിക്കണമെന്ന് വ്യവസ്ഥചെയ്യുന്നുണ്ട്.

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21/27.04.2022)മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, അനർഹരായ ഗുണഭോക്താക്കൾക്ക് നൽകിയ 7372/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക ആവശ്യമായ രേഖകളുടെ പിൻബലമില്ലാതെ ആനുകൂല്യം നൽകിയ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-15 വൃദ്ധർക്ക് കട്ടിൽ - വിതരണ വിവരം ലഭ്യമല്ല - 5,07,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1. വൃദ്ധർക്ക് കട്ടിൽ

പ്രോജക്ട് നം.156/21 (സ്പിൽ - ഓവർ)

അടങ്കൽ- 5,07,000/-

ചെലവ്- 5,07,000/- (ബിൽ നം. 1/2020-21, തീയതി - 14.05.2020)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ടി പ്രോജക്ട് പ്രകാരം 4334/- രൂപ വിലയുള്ള 117 കട്ടിൽ വാങ്ങിയതായി ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. ടി സാധനം സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. ടി വിവരം ചൂണ്ടക്കാണിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/29.04.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, 5,07,000/- (4334x117=507078/- ചെലവ് 507000/- രൂപയായി നിജപ്പെടുത്തി) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 പരസ്യ ചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല -നഷ്ടം 3432/- രൂപ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച കൊണ്ടുള്ള 08.12.2015-ലെ ജി.ഒ (പി) നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ മാതൃഭൂമി ദിനപത്രത്തിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല എന്ന് കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം./ | ബിൽ | അർഹമായ |
|---|---|---|---|

| | തീയതി | തുക | ഡിസ്കൌണ്ട് (ജി.എസ്.ടി. ഉൾപ്പെടാതെയുള്ള തുകയുടെ 15%) |
|---|---|---|---|
| മാതൃഭൂമി | A1-2095/2019, 20.11.2019 മാതൃഭൂമി | 8320 | 1248 |
| | A2–2095/19, 01.11.2019 മാതൃഭൂമി | 6240 | 936 |
| | A1–592/2020, 27.02.2020 മാതൃഭൂമി | 8320 | 1248 |
| ആകെ | | | 3432 |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൌണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തതും, പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ച് നൽകുകയും ചെയ്തത്. (തൻവർഷം ദേശാഭിമാനി പത്രത്തിൽ നൽകിയിട്ടുള്ള പരസ്യങ്ങൾക്ക് ഡിസ്കൌണ്ട് അനുവദിച്ച് കിട്ടിയിട്ടുണ്ട്.)

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (31/16-02-2022). സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം 3432/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 പരസ്യങ്ങൾ നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതൽ നൽകുന്നു - 11446/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

ദർഘാസ് പരസ്യങ്ങൾ "വിൻഡോ മാതൃകയിൽ," രണ്ട് കോളം (8cm)x(3cm)=24cm$^2$ വലുപ്പത്തിലുള്ളതായിരിക്കണമെന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും (സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ടെൻഡർ, വാങ്ങലുകൾ എന്നിവയ്ക്കായി നൽകിയ ചില പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ഇത് പരസ്യചെലവ് കൂടുന്നതിനിടയാക്കി.

| ഇൻവോയിസ് നം. /ആർ.ഒ നം./ തീയതി ദിനപത്രം | വൌച്ചർ നം/ ചെക്ക് നം/ തീയതി | പരസ്യത്തിന്റെ വലുപ്പം | ചെലവ് | അനുവദനീയമായ വലുപ്പം/ചെലവ് | അധികം നൽകിയത് |
|---|---|---|---|---|---|
| ALP/2020 /2124/06.03.2020 ദേശാഭിമാനി | 22000087/ 25.05.2020 | 8x4=32cm$^2$ | 5760/- Discount(864) +Tax (5%)249 =4647/- | 3x8=24cm$^2$ 4320+249 =4565 | 78 |
| A1-2095/2019, 20.11.2019 മാതൃഭൂമി | 22000210/ 12.08.2020 | 8x4=32cm$^2$ | 8736/- Discount(ലഭിച്ചിട്ടില്ല) +Tax (5%) 416= 8320 | 3x8=24cm$^2$ 4320+416 =4736 | 3584 |
| A2 – 2095/19, 01.11.2019 മാതൃഭൂമി | “ | 8x4=32cm$^2$ | 6552 Discount(ലഭിച്ചിട്ടില്ല) +Tax (5%) 312 =6240 | 3x8=24cm$^2$ 4320+312 =4632 | 1608 |

| | | | | | |
|---|---|---|---|---|---|
| A 1 – 592/2020<br>27.02.2020<br>മാതൃഭൂമി | " | 8x4=32cm$^2$ | 8736/-<br>Discount(ലഭിച്ചിട്ടില്ല)<br>+Tax (5%)<br>416=<br>8320 | 3x8=24cm$^2$<br>4320+416<br>=4736 | 3584 |
| ALP/2019<br>/1280/12.11.2019<br>ദേശാഭിമാനി | 22000209/<br>07.08.2020 | 8x4=32cm$^2$ | 7200/-<br>Discount(1080)<br>+Tax (5%)306<br>=6426/- | 3x8=24cm$^2$<br>4320+306<br>=4626 | 1800 |
| ALP/20-21<br>/0701/06.03.2020<br>ദേശാഭിമാനി | 22000476/<br>14.01.2021 | 8x4=32cm$^2$ | 5760/-<br>Discount(648)<br>+Tax (5%)184<br>= 5296/- | 3x8=24cm$^2$<br>4320+184<br>=4504 | 792 |
| ആകെ | | | | | 11446 |

പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. (40/21.3.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ 11446/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല.

## 1-18 ഐ.കെ.എം. വിഹിതം അടവാക്കൽ, എസ്.എസ്.എ വിഹിതം നൽകൽ. വിനിയോഗ രേഖകളുടെ അഭാവത്തിൽ 770000 രൂപ തടസ്സപ്പെടുത്തുന്നു-

ഐ.കെ.എം. വിഹിതം അടവാക്കൽ (പ്രോജക്ട് നം. 6/21), എസ്.എസ്.എ വിഹിതം നൽകൽ. (പ്രോജക്ട് നം. 20/21) എന്നീ പദ്ധതികൾക്കായി നടത്തിയ ചെലവുകൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 1. | ഐ.കെ.എം. വിഹിതം അടവാക്കൽ.<br>(പ്രോജക്ട് നം. 6/21) | 70000/-<br>(വികസനഫണ്ട്-ജനറൽ) | 70000/-<br>35/20-21/<br>23.03.21 | തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 2. | എസ്.എസ്.എ വിഹിതം നൽകൽ.<br>(പ്രോജക്ട് നം. 20/21) | 700000<br>വികസനഫണ്ട്-ജനറൽ) | 700000<br>ബിൽ നം. 36/20-21/<br>23.03.21. | കൈപ്പറ്റുവിവരങ്ങൾ, ധനവിനിയോഗ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. |

മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4 /27.04.22) മറുപടി ഹാജരാക്കിയിട്ടില്ല. ടി. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ മേൽ സൂചിപ്പിച്ച പദ്ധതികൾക്കായി നടത്തിയ 770000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 കുടിവെള്ളവിതരണം രേഖകൾ ലഭ്യമാക്കിയില്ല - 46800/ രൂപയുടെ ചെലവ് തസ്സപ്പെടുത്തുന്നു

വൌച്ചർ നം. - 22000086, തീയതി - 28.05.2020, വൌച്ചർ നം. - 22000069, തീയതി - 21.05.2020 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ 2,3, വാർഡുകളിൽ 02.05.2020 മുതൽ 13.05.2020വരെ കുടിവെള്ളം വിതരണം നടത്തിയതിന് ശ്രീ.അഭിലാഷ്.വി. എന്ന വ്യക്തിക്ക് 46800/-രൂപ തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. ചെലവ് രേഖകൾ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കുടിവെള്ള വിതരണത്തിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

2. ശ്രീ.അഭിലാഷ്.വി. യെ കുടിവെള്ള വിതരണത്തിന് പഞ്ചായത്ത് കമ്മറ്റി തെരഞ്ഞെടുത്തതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ടിയാൾ ഗ്രാമപഞ്ചായത്തുമായി കരാർ ചമച്ചതിന്റെ രേഖയില്ല.

3. വാഹനത്തിന് ജി.പി.എസ്. ഘടിപ്പിച്ചിരുന്നോ എന്നതിന് രേഖയില്ല.

വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, പമ്പ്ഹൗസിലെ ലോഗ്ബുക്കിന്റെ പകർപ്പ് എന്നിവ മാത്രമാണ് ഫയലിലുള്ളത്.

തദ്ദേശ സ്വയംഭരണ (എഫ്.എം)വകുപ്പിന്റെ 02.03.2019 ലെ സ.ഉ. നം(സാധാ) 500/2019 തസ്വഭവ പ്രകാരം GPS ഘടിപ്പിച്ച വാഹനങ്ങളിൽ കുടിവെള്ളം ഗുണനിലവാരം ഉറപ്പുവരുത്തി ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് ആവശ്യത്തിനനുസൃതമായി വിതരണം നടത്തേണ്ടതും ചെലവഴിക്കുന്ന തുകയുടെ പൂർണ്ണമൂല്യം ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ GPS ലോഗും വാഹനത്തിന്റെ ലോഗ്ബുക്കും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയതിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിമാർ തുക വിനിയോഗിക്കേണ്ടതാണ് എന്നും നിർദ്ദേശമുണ്ട്. ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/27.04.2022) മറുപടി ലഭിച്ചില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 46800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കുടിവെള്ള വിതരണത്തിനായി സമർപ്പിക്കപ്പെട്ട ക്വട്ടേഷനുകൾ, വിതരണം സംബന്ധിച്ച കരാർ, ജലവിതരണം സംബന്ധിച്ച സാക്ഷ്യപത്രം, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 തെരുവുവിളക്കുകൾ സ്ഥാപിക്കൽ - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച-

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന മൂന്നു പ്രോജക്ടുകൾ പ്രകാരം പഞ്ചായത്തിലെ തെരുവുകളിൽ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം./ പേര് | അടങ്കൽ | ചെലവ് | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| ഊർജ്ജകിരൺ തെരുവുകളിൽ എൽഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ.(പ്രോജക്ട് നം. 25/21) | 1291500 (CFC) | 1291500 (CFC) ബിൽ നം. 39/20-21 /21.03.21. | കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് എന്ന സ്ഥാപനത്തിൽ നിന്ന് 462 ലൈറ്റുകൾ വാങ്ങിയതിന് 1291450 രൂപ, KSEBക്ക് സൂപ്പർവിഷൻ ചാർജ് ആയി 11247 രൂപ. |
| എസ്.സി. വാർഡ് 8ൽ എൽഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ.(പ്രോജക്ട് നം. 104/21) | 50000 (വികസനഫണ്ട്. എസ്.സി.പി.) | 47462 | KREWS എന്ന സ്ഥാപനത്തിൽ നിന്ന് 17 ലൈറ്റുകൾ വാങ്ങിയതിന് 47107 രൂപ, KSEB ക്ക് സൂപ്പർവിഷൻ ചാർജ് ആയി 355 രൂപ . |
| മൂപ്പറ എസ്.സി. കോളനിയിൽ എൽഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ.(പ്രോജക്ട് നം. 108/21) | 40000 വികസനഫണ്ട്. എസ്.സി.പി.) | 39141 | KREWS എന്ന സ്ഥാപനത്തിൽ നിന്ന് 14 ലൈറ്റുകൾ വാങ്ങിയതിന് 38794 രൂപ, KSEB ക്ക് സൂപ്പർവിഷൻ ചാർജ് ആയി 347 രൂപ . |

തെരുവുവിളക്കുകൾ സംബന്ധിച്ച പരാതികൾ സ്വീകരിക്കുവാൻ പഞ്ചായത്തിൽ ഒരു നോഡൽഓഫീസറെ ചുമതലപ്പെടുത്തുകയോ, പരാതി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, വാങ്ങിയ തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട മോണിട്ടറിംഗ് കമ്മിറ്റി മാസത്തിലൊരിക്കൽ ചേരുന്നില്ല. മോണിട്ടറിംഗ് കമ്മിറ്റിയുടെ മിനിട്സ് ഹാജരാക്കിയിട്ടില്ല. പദ്ധതി സംബന്ധിച്ച മോണിട്ടറിംഗ് കമ്മിറ്റി മാസത്തിലൊരിക്കൽ ചേരേണ്ടതും ടി കമ്മിറ്റിയിൽ KSEB ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം നടപടികളൊന്നും തന്നെ പാലിക്കപ്പെട്ടിട്ടില്ല.

മേൽ സൂചിപ്പിച്ച പ്രവൃത്തികൾ സംബന്ധിച്ച് കരാറുകാരൻ ഹാജരാക്കിയ ലിസ്റ്റിൽ പോസ്റ്റുകളുടെ നമ്പർ പൂർണ്ണമായി രേഖപ്പെടുത്തുകയോ, പ്രവൃത്തി നടന്ന തീയതി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ടി. വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 4/27.04.22) മറുപടി ഹാജരാക്കിയില്ല. വിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച് മേൽ സൂചിപ്പിച്ച രജിസ്റ്ററുകൾ കൃത്യതയോടെ പരിപാലിക്കേണ്ടതും, ആയതു സംബന്ധിച്ച് മേൽ സൂചിപ്പിച്ച നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-21 വെള്ളക്കര കുടിശിക-വാട്ടർ അതോറിറ്റി രേഖകൾ പ്രകാരം 3 കോടിയോളം രൂപ ഒടുക്കുവാൻ അവശേഷിക്കുന്നു-

ഗ്രാമപഞ്ചായത്തിലെ 337 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിലെ ചെലവ് നിലവിൽ (02/2022) പ്രതിമാസം 1,59,418/- രൂപയാണ്. കേരള വാട്ടർ അതോറിറ്റിയുടെ 08.03.21-ലെ ബിൽ നമ്പർ 50393 പ്രകാരം 28.02.2021 ൽ കുടിശ്ശിക 2,30,08,075/- രൂപയാണ്. പ്രതിമാസ ഫൈൻ ശരാശരി 4,50,000 രൂപയോളമാണ്. പ്രതിമാസ വാട്ടർ ചാർജ്ജിന്റെ നാലിരട്ടിയിലധികമാണ് ഫൈൻ വരുന്നത്. ഓഡിറ്റ് സമയത്തെ (ഫെബ്രുവരി 2022) ബിൽപ്രകാരം 2,95,55,774 /- രൂപയാണ് വാട്ടർ ചാർജ്ജ് കുടിശ്ശിക അടയ്ക്കാനുള്ളത്.

കുടിശ്ശിക ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം നൽകേണ്ടതാണ് എന്നും കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഏറ്റവും അവസാനം ജോയിന്റ് വേരിഫിക്കേഷൻ നടത്തിയത് എന്നാണെന്നും അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/27.04.2022) മറുപടി ലഭിച്ചിട്ടില്ല. കുടിശ്ശിക ഒഴിവാക്കുവാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 വിവിധ നിക്ഷേപപ്രവൃത്തികളുടെ ചെലവ് രേഖകളുടെ അഭാവത്തിൽ 5652916 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ സംബന്ധിച്ച ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ. | പദ്ധതിയുടെ പേര്/ നമ്പർ | അടങ്കൽ | ചെലവ്/ബിൽ നം/ തീയതി. | അപാകത |
|---|---|---|---|---|
| 1 | നാലാം വാർഡിലെ വാട്ടർ അതോറിട്ടി ലൈനിൽ നിന്നും കിരൺ നിവാസ് മുതൽ സന്ദീപ് നിവാസ് വരെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ. (പ്രോജക്ട് നം. 28/21) | 250000(CFC) | 250000/- ബിൽ നം. 42/20-21/27.03.21 | കേരള വാട്ടർ അതോറിട്ടിയുടെ PUNB3922000110130637 നം അക്കൗണ്ടിലേയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ്, തുകയുടെ ധനവിനിയോഗരേഖ, പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 2. | ഭൂജലവകുപ്പിന്റെ ഐവേലിക്കാട് കുടിവെള്ള പദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ. (പ്രോജക്ട് നം. 29/21) | 350000(CFC) | 350000/- ബിൽ നം. 43/20-21/27.03.21 | ഭൂജലവകുപ്പിന്റെ ആലപ്പുഴ ജില്ലാ ഓഫീസിന്റെ 706011400000031 നം. ട്രഷറി അക്കൗണ്ടിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ്, തുകയുടെ ധനവിനിയോഗ രേഖകൾ, പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 3. | പത്താം വാർഡിലെ ഭൂജല വകുപ്പിന്റെ കുടിവെള്ളപദ്ധതിയിൽ നിന്ന് മാങ്കരിക്കരി മുതൽ തെക്കോട്ട് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ .( എസ്.സി വാർഡ് 10)(പ്രോജക്ട് നം. 100/21) | 100000(CFC) | 100000 ബിൽ നം. 44/ 20-21/ 27.03.21 | ഭൂജലവകുപ്പിന്റെ ആലപ്പുഴ ജില്ലാ ഓഫീസിന്റെ 706011400000031 നം. സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. തുകയുടെ ധനവിനിയോഗ രേഖകൾ, പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 4. | തെക്കുംമുറി കുടിവെള്ള പദ്ധതിക്കായി ഭൂജലവകുപ്പിൽ തുക ഡിപ്പോസിറ്റ് ചെയ്യൽ. (പ്രോജക്ട് നം. 114/21) | 500000 (CFC). | 500000 ബിൽ നം. 45/ 20-21/ 27.03.21 | ഭൂജലവകുപ്പിന്റെ ആലപ്പുഴ ജില്ലാ ഓഫീസിന്റെ 706011400000031 നം. സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. തുകയുടെ ധനവിനിയോഗ രേഖകൾ, പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 5. | കുടിവെള്ളപദ്ധതി വാർഡ് 6 ഗ്രൗണ്ട് വാട്ടർ അതോറിട്ടി തുക ഡിപ്പോസിറ്റ് ചെയ്യൽ. (പ്രോജക്ട് നം. 143/21) (SO) | 1360000 (CFC). | 1360000 1)ബിൽ നം. 10/ 20-21/20.05.20 - 222136/- 2)ബിൽ നം. 12/ | ഭൂജലവകുപ്പിന്റെ ആലപ്പുഴ ജില്ലാ ഓഫീസിന്റെ 706011400000031 നം. സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. തുകയുടെ ധനവിനിയോഗ |

| | | | | |
|---|---|---|---|---|
| | | | 20-21/20.05.20 - 1137874/- | രേഖകൾ, പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 6. | കസ്തൂർബ കോളനി ഭൂഗർഭ കുടിവെള്ളപദ്ധതി സ്ട്രക്ചർ പുനർനിർമ്മിക്കലും മോട്ടോറും വാട്ടർ ടാങ്കും വാങ്ങി സ്ഥാപിക്കലും പൈപ്പ് ലൈൻ എക്സ്റ്റൻഷനും .(പ്രോജക്ട് നം. 152/21) (SO) | 939916 (വികസനഫണ്ട്-Scp) | 939916<br>1) ബിൽ നം. 2/20-21/8.05.20. 107166<br>2) ബിൽ നം. 3/20-21/ 8.05.20- 832750 | ഭൂജലവകുപ്പിന്റെ ആലപ്പുഴ ജില്ലാ ഓഫീസിന്റെ 706011400000031 നം. സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. തുകയുടെ ധനവിനിയോഗരേഖകൾ, പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 7. | ഐവേലിക്കാട് ഭൂഗർഭ കുടിവെള്ള പദ്ധതിയിൽ നിന്ന് വലാറ്റുപാറ ഭാഗത്തേയ്ക്കും തുരുത്തിൽ ഭാഗത്തേയ്ക്കും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(വാർഡ് 4) .(പ്രോജക്ട് നം. 153/21) (SO) | 387000 (വികസനഫണ്ട്-ജനറൽ) | 387000<br>ബിൽ നം. 4/ 20-21/ 8.05.20 | ഭൂജലവകുപ്പിന്റെ ആലപ്പുഴ ജില്ലാ ഓഫീസിന്റെ 706011400000031 നം. സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. 19-20 സാമ്പത്തിക വർഷത്തിൽ ഒടുക്കിയ 165303 രൂപ ഉൾപ്പടെയുള്ള തുകയുടെ ധനവിനിയോഗ രേഖകൾ, പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 8 | ജലജീവൻ മിഷൻ പദ്ധതി 15% വിഹിതം നൽകൽ.<br>പ്രോജക്ട് നം. 234/21. | 266000 (വികസനഫണ്ട്-ജനറൽ) | 266000<br>ബിൽ നം. 38/20-21/ 23.03.21. | 17.70 ലക്ഷം അടങ്കലിൽ വിഭാവനം ചെയ്ത പദ്ധതിക്കായി നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ/പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 9 | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ. ( പ്രോജക്ട് നം. 113/21.) | 1400000. (1225000-CFC, 175000-തനതുഫണ്ട്). | 1400000.<br>1.ബിൽ നം. 37/20-21/ 23.03.21 - 1225000<br>2. വൗച്ചർ നം. 22000791/28.03.21- 175000/- | തുക വാട്ടർ അതോറിട്ടിയുടെ 3922000110130637 നം. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. തുകയുടെ ധനവിനിയോഗ രേഖകൾ, പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| 10. | കുന്നമ്മ ചന്ത-റെയിൽവേ പാലം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ. പ്രോജക്ട് നം. 155/21) (SO) | 100000 (CFC) | 100000.<br>ബിൽ നം. 8/20-21 /20.05.20 | തുക വാട്ടർ അതോറിട്ടിയുടെ 3922000110130637 നം. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. തുകയുടെ ധനവിനിയോഗ രേഖകൾ, പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |

ടി തുകകളുടെ ചെലവുകൾ സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 4/27.04.22 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പദ്ധതികൾക്കായി നടത്തിയ 5652916/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ വാങ്ങൽ - വിതരണ വിവരം പൂർണമായും ലഭ്യമാക്കില്ല - 52140/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. 208/ 21
അടങ്കൽ- 2,20,000/-(പൊതു വിഭാഗം)
ചെലവ്- 2,15,519/-(പൊതു വിഭാഗം)

ടി പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ, The Kerala State Handicapped Person's Welfare Corporation Ltd. ന്റെ ഇൻവോയ്സ് നം. 287/12.03.2019 പ്രകാരം വാങ്ങിയ Hearing Aid Fpr Moderate Profound എന്ന ഉപകരണം 19 എണ്ണം (19x8690=165110) വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, 13 എണ്ണത്തിന്റെ വിതരണവിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21/27.04.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, 6 Hearing Aid Fpr Moderate Profound എന്ന ഉപകരണത്തിന്റെ വിലയായ 52140/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 സുഭിക്ഷകേരളം - പച്ചക്കറി തൈ -ഗ്രോബാഗ് വിതരണം (വനിത)- വിതരണരേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നം/പേര്. | പ്രോജക്റ്റ് നം. 215/21.സുഭിക്ഷകേരളം - പച്ചക്കറി തൈ -ഗ്രോബാഗ് വിതരണം (വനിത) |
| അടങ്കൽ | 615942 (475464വി.ഫ-ജന,140478 ഉ.വി.) |
| ചെലവ്. | 1.ബിൽ നം./തീയതി-5/2021/27.02.21 --291544/-.<br>2.ബിൽ നം./തീയതി-8/20-21/10.03.21 --36987/-<br>3.ബിൽ നം./തീയതി-11/20-21/26.03.21 --28540/-<br>4.ബിൽ നം./തീയതി-12/20-21/31.03.21 --14670/-<br>ആകെ ( വി.ഫ-ജന.) -- 371741/-<br>109590.(ഉ.വി.) |
| നിർവ്വഹണം | കൃഷി ഓഫീസർ. |

ഒരു വീടിന് 8 ഗ്രോബാഗുകൾ, 1 പാക്കറ്റ് പച്ചക്കറി വിത്ത് എന്നിവ വീതം പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ച പദ്ധതി നടത്തിപ്പിനായി മേൽ സൂചിപ്പിച്ച പ്രകാരം തുക KAICO-യ്ക്ക് നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം ആകെ 33720 ഗ്രോ ബാഗുകൾ, 4215 പാക്കറ്റ് വിത്തുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ ഗുണഭോക്താക്കൾ കൈപ്പറ്റിയ രേഖകൾ ഹാജരാക്കിയില്ല. പകരം ഇവ വാർഡ് മെമ്പർമാർ കൈപ്പറ്റിയ രേഖയാണ് ഹാജരാക്കിയിട്ടുള്ളത്. യഥാർത്ഥ ഗുണഭോക്താക്കൾ ഇവ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 18/28.04.22) മറുപടി ലഭ്യമാക്കിയില്ല. ടി രേഖകൾ ഹാജരാക്കുന്നതു വരെ പ്രസ്തുത പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും നടത്തിയ 371741/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 കമ്പ്യൂട്ടർ & പ്രിന്റർ വാങ്ങൽ -സ്റ്റോർ പർച്ചേസിലെ നിബന്ധനകൾക്കു വിരുദ്ധമായി വാങ്ങൽ നടത്തി-

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ 040//2 |
| പ്രോജക്റ്റ് | പി.എച്ച്.സി-യ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ |
| അടങ്കൽ | 56000 (50000 മെയിന്റനൻസ് ഫണ്ട് റോഡിതരം+9600 തനത് ഫണ്ട്) |
| ചെലവ് | 50000/'ട്രഷറി ബിൽ നമ്പർ 6 20-21 12-12-20<br>9600(ചെക്ക് നം-21318 30/12/20) |
| സ്ഥാപനത്തിന്റെ പേര് | ടെക്ക്പോയിന്റ് സൊല്യൂഷൻസ്,കുന്നുമ്മ,തകഴി<br>ഇൻവോയിസ് നം. B2C-00001/20-21<br>ബിൽ തുക 59600 |

ടി തുക പൂർണ്ണമായും ടെക്ക്പോയിന്റ് സൊല്യൂഷൻസ്, കുന്നുമ്മ, തകഴി എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ സി.പി.ആർ.സി.എസിൽ നിന്നും സമാഹരിക്കേണ്ടതാണെന്ന് സ്റ്റോർപർച്ചേസ് മാന്വൽ ഖ.7.52 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. സർക്കുലർ നം. 1/26/2019 ഐ.ടി സെൽ 1/26/2019 പ്രകാരം സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് സംവിധാനത്തിലൂടെ

മാത്രമേ ഐ.ടി ഉപകരണങ്ങൾ വാങ്ങാവൂ എന്നും, C.p.r.c.s കൂടെയല്ലാതെ കമ്പ്യൂട്ടറുകളും മറ്റു ഉപകരണങ്ങളും വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദിക്കുന്നതല്ലെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ ഉപകരണങ്ങൾ ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം 1/25-04-22 ന് നൽകിയ മറുപടിയിൽ ഓഡിറ്റ് എൻക്വയറിയിൽ സൂചിപ്പിച്ചിരിക്കുന്നത് പോലെ C.p.r.c.s നിന്നും വാങ്ങണമെന്ന വിവരം അറിയില്ലായിരുന്നുവെന്നും C.p.c.r.s നെ ക്കാളിലും കുറഞ്ഞ വിലയിലാണ് ലാപ്ടോപ്പും പ്രിന്ററും വാങ്ങിയിരിക്കുന്നതുമെന്നാണ് അറിയിച്ചിരിക്കുന്നത്. ഗവ.ഫണ്ട് ഉപയോഗിച്ച് സാധനങ്ങൾ വാങ്ങുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-26 പി.എച്ച്.സിയ്ക്ക്- മരുന്നുകൾ ലഭ്യമാക്കിയില്ല-85117/-രൂപ തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പി.എച്ച്.സി യ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 20000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേയ്ക്ക് ഇൻവോയ്സ് നമ്പർ പി.ആർ.എഫ് 4232/07/01/21 പ്രകാരം അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 23/20 |
| പ്രോജക്ട് | പി.എച്ച്.സി യ്ക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | 200,000(വികസനഫണ്ട് പൊതുവിഭാഗം) |
| ഇൻവോയ്സ് നമ്പർ | പി.ആർ.എഫ് 4232/-07-01-21 |
| ചെലവ് | 200,000/- ബിൽ നമ്പർ 08/19-20-/25-01-2021 |

ടി തുക പൂർണ്ണമായും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതു വരെയും 114883/-രൂപയുടെ (ഇൻവോയിസ് നം. 803/14-11-21-18628,9088/17-11-21-62222/-, 11168/11-01-22-34033/- മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ ഇവ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ഇപ്പോഴും മരുന്നുകൾ ലഭിച്ചുകൊണ്ടിരിക്കുന്നതേയുള്ളുവെന്നും 28/04/22ൽ ലഭിച്ച മരുന്നുകൾ ഉൾപ്പടെ 1,55,132/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുണ്ടുവെന്നും ബാക്കിതുകയായ 44,568/- രൂപയുടെ മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മറുപടിയോടൊപ്പം ഹാജരാക്കിയ മെയിലിന്റെ പ്രിന്റിനോടൊപ്പം ബിൽ കോപ്പി ഹാജരാക്കിയിട്ടുമില്ല എത്ര രൂപയുടെ മരുന്നുകൾ ലഭ്യമാക്കി എന്നും വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ മരുന്നുകൾ ലഭ്യമാകുന്നത് വരെ ബാലൻസ് തുകയായ 85117/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകളുടെ ബിൽകോപ്പികൾ സ്റ്റോക്ക് എൻട്രി വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-27 കൃഷി ഭവന് കംപ്യൂട്ടറും പ്രിന്ററും വാങ്ങൽ- നാളിതുവരെയും കമ്പ്യൂട്ടർ ലഭിച്ചില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു-

| | |
|---|---|
| പ്രോജക്ട് നം/പേര്. | കൃഷി ഭവന് കംപ്യൂട്ടറും പ്രിന്ററും വാങ്ങൽ പദ്ധതി(പ്രോ. നം. 212/21). |
| അടങ്കൽ | 55000 (വി.ഫ-ജന) |
| ചെലവ്. | 55000 (ബിൽ നം.6/20-21/10.03.21) |
| നിർവ്വഹണം | കൃഷി ഓഫീസർ. |

ടി. പദ്ധതിക്കായി മേൽ സൂചിപ്പിച്ച പ്രകാരം തുക പിൻവലിച്ച് കേരളാ സ്റ്റേറ്റ് ഐ.ടി. മിഷന്റെ 79901140000 3959 നം. അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച ഉപകരണങ്ങൾ ജനകീയാസൂത്രണം സ്റ്റോക്ക് രജിസ്റ്റർ പേജ് നം.3 ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട് എന്ന കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ രേഖ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ജനകീയാസൂത്രണം സ്റ്റോക്ക് രജിസ്റ്റർ പേജ് നം.3 ൽ ഇപ്രകാരം ഒരു രേഖപ്പെടുത്തൽ നടത്തിയിട്ടില്ല എന്നു കാണുന്നു. ടി. ഉപകരണങ്ങൾ യഥാർത്ഥത്തിൽ ലഭ്യമായിട്ടില്ലെങ്കിൽ അവ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/27.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കംപ്യൂട്ടറും പ്രിന്ററും നാളിതുവരെ ലഭിച്ചിട്ടില്ലായെന്നാണ് ഓഡിറ്റിൽ വാക്കാൽ അറിയിച്ചിട്ടുള്ളത്. ടി ഉപകരണങ്ങൾ ലഭ്യമാക്കി ആയത് സ്റ്റോക്കിലെടുത്ത രേഖകൾ ഹാജരാക്കുന്നതു വരെ പ്രസ്തുത പദ്ധതിക്കായി നടത്തിയ 55000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 തകഴി ശിവശങ്കരപ്പിള്ള സ്മാരക ഗവ. യു.പി സ്കൂളിലെ ഹൈ - ടെക് ക്ലാസ് മുറി-സർക്കാർ ഉത്തരവ് പാലിക്കാതെ വാങ്ങൽ നടത്തി-

പ്രോജക്റ്റ് നം. -എസ് 0023/21

അടങ്കൽ -150000 (വികസന ഫണ്ട് -ജനറൽ)

ചെലവ് - 1,47,101

ടി പ്രോജക്റ്റ് പ്രകാരം, ചെലവ് തുക R.J എന്റർ പ്രൈസസ്, വടവാതൂർ, കോട്ടയം എന്ന സ്ഥാപനത്തിന് മേൽ ബിൽ പ്രകാരം 1,47,101/- രൂപ നല്കി. താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട് .

| സാധനത്തിന്റെ പേര് | എണ്ണം | വില |
|---|---|---|
| Wallmount Kit 6 Fit | 1 | 4899 |
| Ahuja Lecturn System | 1 | 36056 |
| Tripod Screen Logic | 1 | 4991 |
| Artis 2.1 Multimedia Speaker | 1 | 2600 |
| Bench & Desk | 10 | 64700 |
| Projector Viewsonic | 1 | 33855 |
| ആകെ | | 1,47,101 |

എന്നാൽ, ക്വട്ടേഷൻ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ടി വിവരം നിർവഹണോദ്യോഗസ്ഥയോട് നേരിൽ അന്വേഷിച്ചപ്പോൾ Government E Marketplace വഴി സെക്രട്ടറി മുഖാന്തിരം വാങ്ങി എന്നാണ്. എന്നാൽ, ടി സ്ഥാപനം GeM Portal ൽ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (8/27.04.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, ടി വാങ്ങൽ ക്രമപ്രകാരമല്ല നടന്നിട്ടുള്ളതെന്ന് വ്യക്തമാണ്. ഇപ്രകാരമുള്ള വാങ്ങലുകൾ ഗവൺമെന്റ് നിർദ്ദേശങ്ങൾ പാലിച്ച് നടത്തുവാൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 SC-ശ്മശാനം നവീകരണം-അധിക ചെലവ്-6821/- രൂപ

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം ആരംഭിച്ച് 2020-21 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയായിരുന്നു SC ശ്മശാനം നവീകരണം. ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. RCC വർക്കിന് അധികം തുക നൽകി -

ഈ പ്രവർത്തിയുടെ അളവ് പുസ്തകം 228/19-20 പേജ് 5 മുതൽ ഷെഡ് നിർമ്മാണത്തിന്റെ ഫൌണ്ടേഷന് വേണ്ടി എർത്ത് വർക്ക് എക്സ്കവേഷൻ മുതലുള്ള പ്രവർത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇനം 1 ആയി ചുവടെ ചേർത്തിട്ടുള്ള അളവിൽ ഫൌണ്ടേഷൻ നിർമ്മാണത്തിനായി മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.

2x5.1x 0.60 X0.35 = 2.142m$^3$

2x6.2x 0.60 X0.35 = 2.604m$^3$

= 4.746m$^3$

മേൽ സൂചിപ്പിച്ച നീളത്തിൽ 10 Cm കനത്തിൽ ബെഡ് കോൺക്രീറ്റ് ചെയ്തതിന് മുകളിൽ ചുവടെ ചേർത്തിട്ടുള്ള അളവിൽ DR ഉം RR ഉം ചെയ്തിട്ടുണ്ട്.

DR

2x5.1x 0.50 X0.30 = 1.530$m^3$

2x5.7x 0.50 X0.30 = 1.710$m^3$

= 3.240$m^3$

RR

2x5.1x (0.50+0.40) X0.45 = 2.066$m^3$

2x5.7x(0.50+0.40) X0.45 = 2.309$m^3$

= 4.375$m^3$

എന്നാൽ ഇതിന് മുകളിൽ RCC വർക്ക് 15cm കനത്തിൽ നിർവ്വഹിച്ചപ്പോൾ പരമാവധി 5.7 മീറ്റർ നീളം മാത്രമേ RCC ചെയ്യാൻ സാധ്യമാകൂ എന്നിരിക്കെ 6.10 മീറ്റർ നീളത്തിൽ ഈ പ്രവർത്തി നിർവ്വഹിച്ചത് മൂലം അധിക ചെലവുണ്ടായതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അനുവദനീയമായത്-

2x5.1x 0.40 X0.15 = 0.612$m^3$

2x5.7x 0.40 X0.15 = 0.684$m^3$

1.296$m^3$ X 10600/$m^3$ = 13737/- രൂപ

അളവു പുസ്തകം പ്രകാരം നിർവ്വഹിച്ചത് – 1.664$m^3$

1.557$m^3$ ൽ ലിമിറ്റ് ചെയ്ത് നൽകിയത് –1.557$m^3$ X 10600/$m^3$ = 16504/-രൂപ

അധികം നൽകിയത് – 16504 – 13737 = 2767+ ജിഎസ്സ്ടി കോംപൻസേഷൻ-12%=332=3099/- രൂപ

അധികം തുക നൽകിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(31/2020-21) ലഭ്യമാക്കിയ മറുപടിയിൽ, പദ്ധതി നിർവ്വഹിച്ച അക്കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും മറുപടി ലഭ്യമാക്കുന്നതിനായി സെക്രട്ടറി മുഖാന്തിരം അറിയിപ്പ് കൊടുക്കുന്നതാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2.കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല-അധിക ചെലവ്-3722/-രൂപ

ഈ പ്രവർത്തിയുടെ അളവ് പുസ്തകം നം.228/19-20 പേജ് 13 ൽ ഇനം 1(1) ആയി സംരക്ഷണ ഭിത്തിയുടെ വശങ്ങൾ, ഷെഡിന്റെ ഉൾവശം, യാർഡ് എന്നിവിടങ്ങളിൽ ഫില്ലിംഗ് നടത്തിയതിന് 234.29$m^3$ മണ്ണ് വിനിയോഗിച്ചിട്ടുണ്ട്. ആയതിന് $M^3$ന് 1000/-രൂപ നിരക്കിൽ 234292/- രൂപ മൂല്യം നിർണ്ണയിച്ച നൽകിയിട്ടുണ്ട്.

അളവ് പുസ്തകം പേജ് 2 ൽ ഇനം 2(1) ആയി റീടെയിനിംഗ് വാളിന്റെയും, ഷെഡിന്റെ ഫൌണ്ടേഷൻ നിർമ്മാണത്തിനുമായി 13.859 എം$^3$ മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ കുറഞ്ഞത് 60% എങ്കിലും പുനരുപയോഗ്യമാണ്.അതനുസരിച്ച് 8.31$m^3$ (13.859x 60/100) മണ്ണെങ്കിലും പുനരുപയോഗയോഗ്യമാണ്. ആയത് കുറവ് ചെയ്തതിന് ശേഷം മാത്രം അനുവദിക്കാവുന്ന മണ്ണിന്റെ അളവ് ചുവടെ ചേർക്കുന്നു.

ഫില്ലിംഗിന് ഉപയോഗിച്ച മണ്ണിന്റെ അളവ് = 234.29$m^3$

(-) കുഴിച്ചെടുത്തതിൽ പുനരുപയോഗയോഗ്യമായ മണ്ണിന്റെ അളവ് (60%) = 8.31$m^3$

| | |
|---|---|
| 8.31$m^3$ മണ്ണിന് $M^3$ന്400/- രൂപ നിരക്കിൽ റോയൽറ്റി ഇനത്തിൽ നൽകേണ്ടത് | 8.31$m^3$ X400 = 3324/-+ ജിഎസ്സ്ടി കോംപൻസേഷൻ-12% =398/- ആകെ = 3324+398=3722/-രൂപ |

കുഴിച്ചെടുത്ത മണ്ണ് വിനിയോഗിക്കാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/20-21) ലഭ്യമാക്കിയ മറുപടിയിൽ കുട്ടനാടിന്റെ സ്വാഭാവിക ഭൂപ്രകൃതി അനുസരിച്ച് കുഴിച്ചെടുക്കുന്ന Clay സോയിൽ യാതൊരുവിധ ഫില്ലിംഗ് പ്രവർത്തികൾക്കും ഉപയോഗിക്കാറില്ല, അതിനാലാണ് കട്ട് എർത്ത് ഉപയോഗിക്കാത്തതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും അളവു പുസ്തകത്തിൽ വരുത്തിയിട്ടില്ല. മാത്രമല്ല, പറമ്പ് ഫില്ലിംഗ് മാത്രമുള്ള ഈ പ്രവൃത്തിയിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചതിന് പുറമെ ഗ്രാവൽ എർത്ത് ഫില്ലിംഗ് നടത്തിയാലും മതിയാകും. കാരണം ഇതിന് മുകളിൽ മറ്റ് യാതൊരു നിർമ്മാണ പ്രവർത്തനങ്ങൾ നടത്താതെ പൊതു സ്ഥലമായി ഉപയോഗിക്കുന്ന പ്രദേശം ആണിത്. ആയതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച തുക ഉത്തരവാദിയായ നിർവ്വഹണ

ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഒട്ടാകെ അധികം നൽകിയത് – 3099 + 3722 =6821/- രൂപ

അനുബന്ധ വിവരങ്ങൾ

അടങ്കൽ - 1340428/-

കരാറുകാരൻ - ബിനു.കെ.

അളവു പുസ്തകം -1) 228/19-20, 2)228/19-20(vol-2) 3) 228(B)/19-20.

ചെലവ് വിവരം-1)Rs-700000/-ബിൽ നം.23/20-21 ,Dt.17-07-20

2)Rs-183325/-ബിൽ നം.42/20-21 ,Dt.25-11-20

3)Rs-317796/-ബിൽ നം.87/20-21 ,Dt.11-04-20

## 1-30 ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്-നഷ്ടം-15736/-

തകഴി ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ, റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളതെങ്കിലും കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കാതെ/കുറവായി ഈടാക്കിയതായി കണ്ടു. ഒഴിഞ്ഞ ടാർ വീപ്പയ്ക്ക് ഈടാക്കേണ്ട വിലയായ 238/- രൂപയോടൊപ്പം 18% ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ നിരക്കിൽ ഈടാക്കാതിരുന്നത് മൂലം നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 281/-രൂപ നിരക്കിൽ ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് | ബിൽ നമ്പർ, തിയതി |
|---|---|---|---|---|---|---|---|
| 1 | CSI ചർച്ച് മുതൽ ലൈബ്രറി ആറ്റുതീരം വരെ റോഡ് ടാറിംഗ് -W-2 S0232/20,/190/20-21 | ബിനു.കെ | 15 ബാരൽ | 4215/- | 2529/- | 1686/- | 82/20-21, Dt.25.3.20 729058/- |
| 2 | ഷൌക്കറിന്റെ വീട് മുതൽ(ഒട്ടുങ്കൽ)ചിറയിൽ ചാൽ വരെ റോഡ് ടാറിംഗ്-w-11 227/19-20. | കൃഷ്ണൻകുട്ടി. | 5 ബാരൽ | 1405/- | 0 | 1405/- | 10/20-21, Dt. 20.5.20 209021/- |
| 3. | പടിഞ്ഞാറേക്കര മെയിൻ റോഡ് മുതൽ ജ്യോതി ഭവനം വരെ റോഡ് ടാറിംഗ്-w-14 1/195/20-21. | ജിജിമാത്യു. | 12 ബാരൽ | 3372/- | 2248/- | 1124/- | 66/20-21,dt. 09.03.21 485429/- |
| 4. | പൊലിവേലിപ്പറമ്പ് മുതൽ പുലക്കാടൻ തറ വരെ റോഡ്ടാറിംഗ്- 174/20-21. | ബിനു.കെ | 9 ബാരൽ | 2529/- | 1405/- | 1124/- | 96/20-21,dt. 30.03.21 58329/- |
| 5. | മൂപ്പാറ മുതൽ നസ്രത്ത് വരെ റോഡ് ടാറിംഗ്- w-1 04/20-21. | ജിജിമാത്യു. | 13 ബാരൽ | 3653/- | 1967/- | 1686/- | 68/20-21,dt. 08.03.21 483357/- |
| 6. | കളത്തിൽ പീടിക മുതൽ എടത്വാ ബൌണ്ടറി വരെ റോഡ് ടാറിംഗ്-w-9 163/19-20 | ജിജിമാത്യു. | 9 ബാരൽ | 2529/- | 0 | 2529/- | 38/20-21,dt. 13.11.20, Rs374744/- |
| 7. | കണിയാംമുക്ക് തോട്ടുകടവ് റോഡ് ടാറിംഗ്-w-8, 176/19-20 | ജിജിമാത്യു. | 11 ബാരൽ | 3091/- | 0 | 3091/- | 34/20-21,dt. 13.11.20, Rs-520054/- |
| 8. | SC-ശ്മശാനം നവീകരണം ടാറിംഗ്- w-1, 36/20-21 | ബിനു.കെ | 11 ബാരൽ | 3091/- | 0 | 3091/- | 87/20-21,dt. 11.4.20,317796/- |
| | | | | ആകെ | 15736/- | | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/20-21) ലഭ്യമാക്കിയ മറുപടിയിൽ ബാരലുകളുടെ വിലയും അതിന്റെ GST യും കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. തുക ഈടാക്കി ഒടുക്കിയ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-31 പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കുന്നില്ല-അധികം നൽകിയത് - 21062/-

ജി.ഒ. (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ(പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് & എൻജിനീയറിംഗ് വിംഗ് ചീഫ് എൻജിനീയറുടെ നം.ഇ4/104212020/സിഇ/തസ്വഭവ /തീയതി.20-10-2020 പ്രകാരം അതാത് വർഷം പൂർത്തീകരിക്കാൻ വിഭാവനം ചെയ്യുന്ന പദ്ധതികൾ അതത് വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി യഥാസമയം പ്രവർത്തി പൂർത്തീകരിരക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴയൊന്നും തന്നെ ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ച് നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

1) 2- വാർഡിൽ CSI ചർച്ച് ലൈബ്രറി മുതൽ ആറ്റു തീരം വരെ റോഡ് ടാറിംഗ്-

പ്രൊജക്റ്റ് നം - എസ്സ് 0232/20
കരാറുകാരൻ - ബിനു.കെ
എഗ്രിമെന്റ് നം. 45/AE/LSGD/TKY/19-20/20-03-20
ബിൽ നം, തീയതി, തുക - 1) 82/20-21, 25-03-21, 729058/-
PAC- 654947/-
M Book – 190/20-21
പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 19-09-20
പൂർത്തീകരിച്ച തീയതി- 10-02-21
ഈടാക്കേണ്ട പിഴ -
ആദ്യ തവണ- PAC യുടെ 1% – 654947 X 1% = 6549/-(19/12/2020 വരെ)
രണ്ടാം തവണ-PACയുടെ2%-654947x2%=13099x53/90(10/02/21 വരെ) = 7713/-
ആകെ ഈടാക്കേണ്ടത് – 6549 + 7713 = 14262/-രൂപ
ഈടാക്കിയത് - 0/-
കുറവ് – 14262/-രൂപ

2) 11-ാം വാർഡിൽ ഷൌക്കറിന്റെ വീട് മുതൽ (ഒറ്റങ്കൽ) ചിറയിൽ ചാൽ വരെ റോഡ് ടാറിംഗ്-

പ്രോജക്റ്റ് നം - എസ്സ് 0070/20
കരാറുകാരൻ - കൃഷ്ണൻകുട്ടി.
എഗ്രിമെന്റ് നം. 6/AE/LSGD/TKY/19-20/20-09-19
ബിൽ നം, തീയതി, തുക - 1) 10/20-21, 20-05-20, 209021/-
PAC- 186625/-
M Book – 227/19-20
പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 19-01-20
പൂർത്തീകരിച്ച തീയതി- 16-08-20
ഈടാക്കേണ്ട പിഴ -
ആദ്യ തവണ- PAC യുടെ 1% –186625 X 1% = 1866/-(18/04/2020 വരെ)
രണ്ടാം തവണ- PAC യുടെ 2% –186625 X 2% = 3732/-(18/07/2020 വരെ)
മൂന്നാം തവണ-PACയുടെ2%-186625x2%=3732x29/90(16/08/20 വരെ) =1202/-
ആകെ ഈടാക്കേണ്ടത് – 1866 + 3732+1202 = 6800/-രൂപ
ഈടാക്കിയത് - 0/-
കുറവ് – 6800/-രൂപ

ഒട്ടാകെ- 14262 + 6800 = 21062/-രൂപ

മേൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തിയിൽ കരാർ പ്രകാരം കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ

അപേക്ഷനൽകിയിട്ടില്ല. പൂർത്തീകരണ കാലാവധി നീട്ടി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനവും ഇല്ല. കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷനൽകിയിട്ടില്ലാത്ത സാഹചര്യത്തിലും, കമ്മിറ്റി തീരുമാനം ഇല്ലാതെയും പൂർത്തീകരണ കാലാവധി അനിശ്ചിതമായി നീട്ടി നൽകിയതിനും, ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ചും മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(17/20-21) ലഭ്യമാക്കിയ മറുപടിയിൽ ടി പ്രൊജക്ടുകൾ ആരംഭിച്ച കാലഘട്ടം കോവിഡ് -19 മഹാമാരിയുടെ കാലമായിരുന്നതിനാൽ കരാറുകാർക്ക് യഥാവിധി പ്രവർത്തി പൂർത്തീകരിക്കുന്നതിന് ലോക്ഡൌൺ ഉൾപ്പെടെയുള്ളവ കാരണമായിയെന്നും ആയതിനാലാണ് യഥാസമയം പ്രവർത്തി പൂർത്തീകരിക്കാനാവാതെ വന്നതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഖണ്ഡികയിൽ ക്രമ നം. 1 ആയി രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി-19-09-20 ഉം പൂർത്തീകരിച്ച തീയതി-10-02-21ഉം ആണ്. ടി കാലയളവിലൊന്നും തന്നെ സംസ്ഥാനത്ത് ലോക്ക്ഡൌൺ നിലവിലുണ്ടായിരുന്നില്ല. ക്രമ നം. 2 ആയി രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 19-01-20 ഉം പൂർത്തീകരിച്ച തീയതി-16-08-20 ഉം ആണ്.ഈ പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതിയിൽ ഇൻഡ്യയിലെവിടെയും പോലും കോവിഡ് സംബന്ധമായ യാതൊരു ബുദ്ധിമുട്ടുകളും ആരംഭിച്ചിട്ടില്ല. ആയതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. പിഴയിനത്തിൽ ഈടാക്കാതിരുന്ന തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-32 കയർ ഭ്രവസ്തം വിരിക്കൽ- കൂലിയിനത്തിൽ അധികം തുക ചെലവഴിച്ചു-നഷ്ടം- 27273/-രൂപ.

20-21സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ പുറം ബണ്ടുകൾ കയർഭ്രവസ്തം വിരിക്കൽ എന്ന പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ, കയർഭ്രവസ്തം വാങ്ങിയ അളവിനെക്കാൾ വളരെ കൂടിയ അളവിലും, അതേ അളവിലുമുള്ള ഭ്രവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് വിലയിനത്തിലും കൂലിയിനത്തിലും അധികം തുക ചെലവഴിച്ചതായി കണ്ടു.

കയർഭ്രവസ്തം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭ്രവസ്തം വിരിക്കുന്നതിനാവശ്യമായ കയർഭ്രവസ്തത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭ്രവസ്തം 2.5 മീറ്റർ വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭ്രവസ്തം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭ്രവസ്തം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭ്രവസ്തം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തലുള്ളത്. മാത്രവുമല്ല, ചില പ്രവർത്തികളിൽ കയർ കോർപ്പറേഷനിൽ നിന്നും ബിൽ പ്രകാരം വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുള്ള അളവിനെക്കാൾ വളരെ കൂടുതൽ അളവിൽ കയർഭ്രവസ്തം സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തുകയും, ആ അളവിന് മൂല്യം നിർണ്ണയിക്കുകയും, അതേ അളവ് തന്നെ വിരിച്ചതായി രേഖപ്പെടുത്തി, അധികം തുക കൂലിയിനത്തിൽ ചെലവഴിക്കുകയും ചെയ്തു. ഇപ്രകാരം കയർ ഭ്രവസ്തം വിരിക്കുന്നതിന് അധിക വേതനം (ഇനം നം. 80.8.63ൽ, ച.മീറ്ററിന് 71.58രൂപ നിരക്കിൽ നല്കിയതിന്റെയും, കയർഭ്രവസ്തത്തിന്റെ അളവ് അധികമായി രേഖപ്പെടുത്തി തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1.14 -ാംവാർഡിൽ കല്ലേപ്പുറം പാടം പുറംബണ്ട് കയർഭ്രവസ്തം വിരിക്കൽ-

വർക്ക് കോഡ്- RP/367560

M-book No.- 144/20-21.

FTO- No.-1) 544815, Rs-49224/-dt.17-12-20

| | |
|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭ്രവസ്തത്തിന്റെ അളവ് | 2500$m^2$ |
| കയർഭ്രവസ്തം വാങ്ങിയതായി അളവുപുസ്തകം പേജ് 3 ൽ രേഖപ്പെടുത്തിയിട്ടുള്ളത് | 2500$m^2$ |
| പേജ് 11,15.19 എന്നിവയിൽ കയർഭ്രവസ്തം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയതായി രേഖപ്പെടുത്തിയ തുകയും. | 2500$m^2$, 178965/-രൂപ (2500 X 71.586/$m^2$) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | 2380.95$m^2$ (2500/1.05) X 71.586/$m^2$ = 170442 |
| അധികം നൽകിയത്. | 178965-170442= 8523/-രൂപ |

2. 2-ാം വാർഡിൽ ഉടമ്പ്ര പാടശേഖരത്തിന്റെ പുറംബണ്ട് ഭ്രവസ്തം വിരിക്കൽ-

വർക്ക് കോഡ്- 367847

M-book No.- 145/20-21

FTO- No.-1)534361/11.12.20, 46294/-

| | |
|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർ ഭ്രവസ്ത്രത്തിന്റെ അളവ് | $2500m^2$ |
| കയർഭ്രവസ്ത്രം വാങ്ങി സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകം പേജ് 2 ൽ രേഖപ്പെടുത്തിയിട്ടുള്ളത് | $2500m^2$ |
| പേജ് 24ൽ കയർഭ്രവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും | $2500m^2$, 178965/-രൂപ (2500 X 71.586/$m^2$) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | $2380.95m^2$ (2500/1.05) X 71.586/$m^2$ = 170442 രൂപ |
| അധികം നൽകിയത്. | 178965-170442= 8523/-രൂപ |

3. 4 -ാംവാർഡിൽ പോളേപാടശേഖരത്തിന്റെ പുറം ബണ്ട് കയർഭ്രവസ്ത്രം വിരിക്കൽ-

വർക്ക് കോഡ്-366331
M-book No.- 169/20-21`
FTO- No.-589823/31.12.20-48635/-

| | |
|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭ്രവസ്ത്രത്തിന്റെ അളവ് | $3000m^2$ |
| കയർഭ്രവസ്ത്രം വാങ്ങി സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകം പേജ് 24ൽ രേഖപ്പെടുത്തിയിട്ടുള്ളത് | $3000m^2$ |
| പേജ് 24ൽ കയർഭ്രവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും | $3000m^2$, 214758/-രൂപ (3000 X 71.586/$m^2$)214758രൂപ |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | $2857m^2$ (3000/1.05) X71.586/$m^2$ = 204531.42- രൂപ |
| അധികം നൽകിയത്. | 214758-204532=10227 |

ഒട്ടാകെ അധികം നൽകിയത്-8523+8523+10227=27273/-രൂപ. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വാങ്ങിയ കയർഭ്രവസ്ത്രം മുഴവൻ ഉപയോഗിച്ചിട്ടുള്ളതു കൊണ്ടാണ് അതിനനുസൃതമായി വേതനം കണക്കാക്കിയത് എന്ന മറുപടി നൽകിയിട്ടുണ്ട്. വേതനമിനത്തിൽ അധികമായി നൽകിയ 27273/-രൂപ സെക്രട്ടറി, തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-33 മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല- കേന്ദ്ര സർക്കാരിനു നഷ്ടം-11436/-രൂപ

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 1% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്. | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ആദായ നികുതി(1%) | FTO No./തീയതി |
|---|---|---|---|---|
| 5- എഴുന്നൂറും പാടം പുറംബണ്ട് സംരക്ഷണം മോട്ടോർ തറ മുതൽ കന്യേൽ വരെ റോഡ് നിർമ്മാണം. (MBook No. 153/20-21 വർക്ക് കോഡ്. | ജിജിമാത്യു, ചുട്ടുകാട്ടിൽ, ചെക്കിടിക്കാട്. | 352470/- (M Book Page No.18/Rs 352470) | 3524/- | 1322/20-21 /03.04.21-249900 /- 953124/29.03.21-102570/- |

| | | | | |
|---|---|---|---|---|
| 352661) | | | | |
| 13-ാം വാർഡിൽ പാണ്ടിയപ്പിള്ളി മുതൽ മണിയൻപിള്ളി വരെ റോഡ് കോൺക്രീറ്റിംഗ്. (MBook No. 165/20-21 വർക്ക് കോഡ്. 294274) | കൃഷ്ണൻകുട്ടി. | 411173/- | 4111/- | 1)969980/30.03.21/ 264784 /- 2)969970/30.03.21/ 152478 /- |
| 5-ാം വാർഡിൽ പടഹാരം ഷാപ്പുപടി പാലം മുതൽ ചെമ്പകശ്ശേരി പാലം വരെ റോഡ് കോൺക്രീറ്റിംഗ്. (MBook No. 126/20-21 വർക്ക് കോഡ്. 294544) | കൃഷ്ണൻകുട്ടി. | 380157/- | 3801/- | 1)969793/30.03.21/ Rs.109552 2)969783/30.03.21 /Rs.276347. |
| | | ആകെ | 11436/- | |

ആദായനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/20-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറി, തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയർ എന്നിവരിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-34 MGNREGS-കരാറുകാരനിൽ നിന്നും ജിഎസ്സ്ടി ഈടാക്കിയില്ല -GST വകുപ്പിന് നഷ്ടം- 30966/-

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കും, ഗ്രഡ് എർത്തും മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്സ്ടി കുറവ് ചെയ്തിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തകഴി പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. അവയ്ക്ക് ചില ഉദാഹരണവും,വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്./M-Book | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ജി.എസ്.ടി.(2%) | FTO No./തീയതി |
|---|---|---|---|---|
| 5-ാം വാർഡിൽ പടഹാരം ഷാപ്പുപടി പാലം മുതൽ ചെമ്പകശ്ശേരി പാലം വരെ കോൺക്രീറ്റിംഗ്. 126/20-21 294544 | കൃഷ്ണൻകുട്ടി. | 380157/- | 7603/- | 969783/31-03-21, Rs-276347/- |
| 9-ാം വാർഡിൽ എഴുന്നൂറും പാടം പുറം ബണ്ട് സംരക്ഷണം. 352661 | ജിജി മാത്യു. | 352470/- | 7049/- | 1322/03-04-21, Rs-249900/- 953124/29-03-21, Rs-102570/- |

| | | | | |
|---|---|---|---|---|
| 153/20-21 | | | | |
| 13-ാം വാർഡിൽ പാണ്ടിയപ്പിള്ളി മുതൽ മണിയൻപിള്ളി വരെ റോഡ് കോൺക്രീറ്റിംഗ്. 294274 | കൃഷ്ണൻകുട്ടി. | 411173/- | 8223/- | 969980/30-03-21, Rs264784/- 969970/30-03-21, Rs152478/- |
| 5-ാം വാർഡിൽ ദേവകീ സദനം മുതൽ കിഴക്കോട്ട് റോഡ് കോൺക്രീറ്റിംഗ്. 298030 83/20-21 | ജിജി മാത്യൂ. | 404594 | 8091/- | 663101/21-01-21, Rs92929/- 663106/21-01-21, Rs-121606/- 663106/21-01-21, Rs-121606/- |
| | | ആകെ | 30966/- | |

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(35/30.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ജിഎസ്സ്ടി വകുപ്പിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറി, അക്രെഡിറ്റഡ് ഓവർസിയർ എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-35 ലാപ്ടോപ്പ് വിതരണം (എസ്.സി) -വാങ്ങലിലെ അപാകത-91,580/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ലാപ്ടോപ്പ് വിതരണം (എസ്.സി)

പ്രോജക്ട് നം. -124/21 (സ്പിൽ - ഓവർ)
നിർവ്വഹണം – വിഇഒ, തകഴി

അടങ്കൽ- 457900/-

ചെലവ്- 457900/- (ബിൽ നം. 2/2020-21, തീയതി - 28.05.2020)

ടി പ്രോജക്ട് പ്രകാരം, 22895/- വിലയുള്ള 20 ലാപ്ടോപ്പ് ലഭ്യമാക്കുന്നതിനായാണ് 457900/-രൂപ കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ അക്കൌണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കെൽട്രോണിൽ നിന്നും വി.ഇ.ഒ, തകഴിയ്ക്ക് നൽകിയിട്ടുള്ള 08.07.2021 തീയതിയിലെ TVM/TBG/BJ/0031/21-22 നം. കത്തിൽ സൂചിപ്പിച്ചിരിക്കുന്നത് 31.12.2020 ന് മുമ്പ് സ്ഥാപനത്തിൽ നിന്നും വർക്ക് ഓർഡർ ലഭിച്ചിട്ടില്ലാത്തതിനാൽ 31.12.2020 ന് മുമ്പുള്ള വിലയ്ക്ക് സാധനം നല്കുവാൻ സാധിക്കുകയില്ല എന്നാണ്. എന്നാൽ, ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുക 28.05.2020 ന് തന്നെ കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ അക്കൌണ്ടിലേയ്ക്ക് മാറി നല്കിയിട്ടുണ്ട്. അതിനാൽ തന്നെ 05/2020ലെ വിലയ്ക്ക് തന്നെ 20 ലാപ് ടോപ്പുകളും നൽകാൻ KELTRON ബാധ്യസ്ഥരാണ്. ആയതിനാൽ, കെൽട്രോണിന്റെ വാദം അംഗീകരിക്കുവാൻ സാധിക്കുകയില്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27/30.04.2022) മറുപടി ലഭ്യമാക്കിയില്ല. കെൽട്രോണിൽ നിന്നും ലഭിക്കുവാൻ ബാക്കി നില്ക്കുന്ന 91,580/- രൂപ കെൽട്രോണുമായുള്ള കരാർ വ്യവസ്ഥകൾ പരിശോധിച്ച് അവരിൽ നിന്നും ഈടാക്കേണ്ടതും, അല്ലാത്ത പക്ഷം ഇവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് തുക ഈടാക്കി ഒടുക്ക് വരുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. തുക താൽക്കാലികമായി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മറ്റ് അപാകതകൾ-

1. 01.12.2021 -ൽ ലാപ് ടോപ്പ് ഉയർന്ന വിലയ്ക്ക് ലഭ്യമാക്കിയപ്പോൾ ഹാജരാക്കിയ ബില്ലിൽ 16 ലാപ്ടോപ്പുകളുടെ വിലയായി രേഖപ്പെടുത്തിയിരിക്കുന്നത് 418,909/- രൂപ മാത്രമാണ്. അതായത് ഒരു ലാപ് ടോപ്പിന് 26182/- രൂപ വീതം. അതനുസരിച്ച് ബാലൻസ് തുകയായ 38988/- രൂപ തിരികെ ലഭിക്കേണ്ടതാണ്. ആയതും പോലും തിരികെ ലഭിച്ചിട്ടില്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/30.04.2022) മറുപടി ലഭ്യമാക്കിയില്ല.

2. 08.07.2021 തീയതിയിലെ TVM/TBG/BJ/0031/21-22 നം. കത്തിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള കൂടിയ വില അംഗീകരിച്ചാൽ പോലും ആകെ ചെലവ് 439460/- രൂപയേ വരൂ. എന്നാൽ 457900/-രൂപ കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ അക്കൗണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. ഈയിനത്തിൽ പോലും 18540/- രൂപകെൽട്രോണിന്റെ കൈവശം ഇപ്പോഴും അവശേഷിക്കുന്നു.

3.ലാപ്ടോപ്പിനായി ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ലാപ്ടോപ്പുകൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല.

2)ലാപ്ടോപ്പിന്റെ അപേക്ഷകരിൽ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നവർ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ രേഖകളിൽ ടി കുട്ടികൾ ടി പ്രോജക്ടുകൾ രൂപീകരിച്ച വർഷമോ (2019-20) തുക ചെലവഴിച്ച വർഷമോ കോളേജ് വിദ്യാർത്ഥികളാണെന്ന് ഉറപ്പാക്കുന്നില്ല. വിശദവിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | അപാകത |
|---|---|
| അഭിജിത്ത് , മുല്ലശ്ശേരി, തകഴി | കോളേജിൽ നിന്നും ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റിൽ ബി.എ, ഇക്കണോമിക്സിന് ചേർന്ന തീയതി- 22.11.2021 ആണ്. 2020-21 വർഷം ടിയാൻ പഠിച്ചതിന്റെ രേഖ ലഭ്യമല്ല. |
| ആർദ്ര.എം.എസ്, മാലിപ്പുറം, തകഴി | കോളേജിൽ നിന്നും ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റിൽ എം എസ് സി, കെമിസ്ട്രിയ്ക്ക് ചേർന്ന തീയതി- 22.11.2021 ആണ്. 2020-21 വർഷം ടിയാരി പഠിച്ചതിന്റെ രേഖ ലഭ്യമല്ല. |
| അശ്വിൻ.പി.ദേവ്, പള്ളിനാട്ട് പറമ്പ്, തകഴി | കോളേജിൽ നിന്നും ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റിൽ ബികോമിന് 2021-22 ഒന്നാം സെമസ്റ്ററിന് പഠിക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2020-21 വർഷം ടിയാൻ പഠിച്ചതിന്റെ രേഖ ലഭ്യമല്ല. |
| ബ്രസൻ കെ ബാബു, കൊരപ്പറമ്പ്, കുന്നമ്മ, തകഴി | കോളേജിൽ നിന്നും ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റിൽ എം.ബി.ബി.എസ് - ന് അഡ്മിഷൻ എടുത്ത തീയതി ആയി രേഖപ്പെടുത്തിയിരിക്കുന്നത്-07.02.2022 എന്നാണ്. 2020-21 വർഷം ടിയാൻ പഠിച്ചതിന്റെ രേഖ ലഭ്യമല്ല. |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിനും (നം. 27/30.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 ലൈഫ് ഭവന പദ്ധതി - ആനുകൂല്യം കൈപ്പറ്റിയവർ ഇപ്പോഴും നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു-

2020-21 സാമ്പത്തികവർഷം വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതികളിൽ അപാകതയുള്ളവയുടെ വിവരം താഴെ ചേർക്കുന്നു.

എ) പ്രോജക്ട് നം -S202/21 (Spill Over), - ലൈഫ് മിഷൻ ഭവന നിർമ്മാണം - എസ്.സി

വകയിരുത്തൽ

വികസന ഫണ്ട് (എസ്.സി.പി)-409300/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 90676/- ജില്ലാ പഞ്ചായത്ത് വിഹിതം- 306135/-, മറ്റുള്ളവ - 24640000/-, ആകെ അടങ്കൽ – 25973708/-

ചെലവ്

വികസന ഫണ്ട് (എസ്.സി.പി) – 360000/-

മുൻവർഷ പ്രോജക്ട് പ്രകാരം കരാർ വെച്ച 3 ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. 1,60,000/- രൂപ കൈപ്പറ്റിയ ശ്രീമതി.ലൈല, മുക്കട ഹരിജൻ കോളനി എന്ന വ്യക്തി അടിത്തറ നിർമ്മാണത്തിന് ശേഷം പ്രവൃത്തി ആരംഭിച്ചിട്ടില്ല.

ബി) പ്രോജക്റ്റ് നം -S243/21 – ലൈഫ് മിഷൻ ഭവന നിർമ്മാണം - എസ്.സി- അഡീഷണൽ ലിസ്റ്റ്

വകയിരുത്തൽ

വികസന ഫണ്ട് (എസ്.സി.പി) -150000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 90676/- ജില്ലാ പഞ്ചായത്ത് വിഹിതം- 306135/-, മറ്റുള്ളവ - 24640000/-, ആകെ അടങ്കൽ – 25973708/-

ചെലവ്

വികസന ഫണ്ട് (എസ്.സി.പി) – 360000/-

പ്രോജക്റ്റ് പ്രകാരം കരാർ വെച്ച 12 ഗുണഭോക്താക്കളിൽ 8 ഗുണഭോക്താക്കൾ പണി ആരംഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഒരു വീട് അടിത്തറ വരേയും ഒരു വീട് ജനൽപ്പൊക്കം വരേയും മാത്രമാണ് പണി നടത്തിയിട്ടുണ്ട്. രണ്ട് വീട് മാത്രമാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. അവർ കൈപ്പറ്റിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| പേര്, മേൽവിലാസം | കൈപ്പറ്റിയ തുക |
|---|---|
| അമ്പിളി വിജയപ്പൻ, കിഴക്കേമുറിയിൽ | 40000 |
| ദീപാമോൾ, കിഴക്കേയറ്റത്ത് | 40000 |
| ഷീജ എസ്, വലിയപറമ്പ് | 40000 |
| ഉഷാകുമാരി, ചാലെക്കരിച്ചിറ | 40000 |
| അമ്പിളി, അഭിജിത് ഭവനം | 40000 |
| സിന്ധു സി എം, ഹർഷലാൽ | 40000 |
| കൊച്ചുമോൻ കെ, ചക്കംകരിച്ചിറ | 40000 |
| സുധർമ്മ,മുക്കട ഹരിജൻ കോളനി | 40000 |
| ലക്ഷ്മി സി, കണ്ണന്തറ | 40000 |
| രമ്യ മോൾ വി കെ, നൂറുപറചിറ | 40000 |

സി) പ്രോജക്റ്റ് നം -S 095/21 – ലൈഫ് മിഷൻ ഭവന നിർമ്മാണം - ജനറൽ

വകയിരുത്തൽ

വികസന ഫണ്ട് (ജനറൽ) – 2301158/-, സംസ്ഥാന ഫണ്ട് – 4000000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 1060000/- ജില്ലാ പഞ്ചായത്ത് വിഹിതം- 2860000/-, മറ്റുള്ളവ - 3720000/-,ആകെ അടങ്കൽ – 13941158/-

ചെലവ്

വികസന ഫണ്ട് - (ജനറൽ) – 1520000/-, സംസ്ഥാന ഫണ്ട് – 1700000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 1060000/- ജില്ലാ പഞ്ചായത്ത് വിഹിതം- 840000/-, മറ്റുള്ളവ - 2280000/-,ആകെ അടങ്കൽ – 7400000/-

പ്രോജക്റ്റ് പ്രകാരം കരാർ വെച്ച 70 ഗുണഭോക്താക്കളിൽ 20 ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല. ഒരാൾ പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രോജക്റ്റ് സ്പിൽ ഓവറാക്കിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അടിയന്തിരമായി തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ യഥാസമയം തീർപ്പു കൽപ്പിക്കപ്പെടുന്നില്ല -

സമൂഹത്തിന്റെ താഴെത്തട്ടിൽ ജീവിക്കുന്നവർക്കും, അവശരരും, വൃദ്ധരും നിരാലംബരുമായ വ്യക്തികൾക്ക് തങ്ങളുടെ ജീവിതം മുന്നോട്ട് നയിക്കുവാൻ സർക്കാർ നൽകുന്ന സഹായമാണ് സാമൂഹ്യസുരക്ഷാ പെൻഷൻ. സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളനുസരിച്ച് (പഞ്ചായത്ത് ഡയറക്ടറുടെ 28/09/2019 ലെ Ppan/2021/2021/2019-dbt-1(dp)) പെൻഷൻ ലഭിച്ച് 40 ദിവസത്തിനകം തീരുമാനം എടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്.എന്നാൽ പഞ്ചായത്തിൽ പെൻഷൻ അപേക്ഷകളിൽ തീരുമാനം എടുക്കാൻ 4 മാസം വരെ കാലതാമസം ഉണ്ടാവുന്നുണ്ട്.ചില ഉദാഹരണങ്ങൾ ചുവടെ

| ക്രമ നം | അപേക്ഷകന്റെ പേര് മേൽവിലാസം | അപേക്ഷ ലഭിച്ച തീയതി/അപേക്ഷ നം | വെൽഫയർ കമ്മറ്റി തീരുമാനമെടുത്ത തീയതി |
|---|---|---|---|
| 1 | സുരേഷ് ബാബു, മൂന്നാട്ടിൽ ചിറ | A3/2532 /20/17-07-20 | 25.08.2020 |

| | | | |
|---|---|---|---|
| 3 | ഔസേഫ് ദേവസ്യ, പതിനഞ്ചിൽ | A3/2524 /20/17-07-20 | 25.08.2020 |
| 4 | തങ്കമ്മ,ബിജുഭവനം | A3/3194 /20/14-10-20 | 20.01.2021 |
| 5 | ഉണ്ണികൃഷ്ണൻ.ബി, മുക്കട കോളനി | A3/2429 /20/03-11-20 | 20.01.2021 |
| 6 | ശാന്തമ്മ,പുത്തൻവീട് | A3/3468 /20/05-11-20 | 20.01.2021 |
| 7 | മറിയാമ്മ,രണ്ടുപറ | A3/3475 /20/-06-11-20 | 20.01.2021 |

പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്.

## 1-38 പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നിർവ്വഹിക്കപ്പെടുന്നില്ല-

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010ലെ ജി.ഒ (പി) നം 259/2010- നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സമാഹരണ ചക്രത്തിൽ (Procurement Cycle) ആവശ്യം തിരിച്ചറിയൽ മുതൽ വിലയിരുത്തലും കരാർ അവസാനിപ്പിക്കലും വരെയായി 15 ഘട്ടങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സെക്രട്ടറി/നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതും വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല ടീം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക, അപായ ഘടകങ്ങൾ പരിശോധിക്കൽ, വിതരണക്കാരേയും സേവനദാതാക്കളേയും തിരിച്ചറിയൽ ലഭ്യമാകുന്ന രേഖകളിൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ തുടങ്ങികരാർ അവസാനിപ്പിക്കൽ വരെയുള്ള നടപടികൾ ഈ ടീമിൽ നിക്ഷിപ്തമാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കുന്നതിനായി പ്രസിഡന്റ് ചെയർപേഴ്സണും, വൈസ് പ്രസിഡന്റ് ഡെപ്യൂട്ടി ചെയർപേഴ്സണും സെക്രട്ടറി കൺവീനറും, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും, നിർവ്വഹണ ഉദ്യോഗസ്ഥരും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ രണ്ടു പേരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രേഖകളുടെ വസ്തുതാപരമായ കൃത്യത സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

തകഴി ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 30/30.04.2022) മറുപടി ലഭ്യമാക്കിയില്ല. ടി രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. 2020-21 വർഷം ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി കമ്മിറ്റി രൂപീകരിച്ചിട്ടില്ല. തൻവർഷം എച്ച് എം നിർവ്വഹണ ഉദ്യോഗസ്ഥനായി പഠനോപകരണങ്ങളും, ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട്. ഐസിഡിഎസ്സ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വയോജനങ്ങൾക്ക് കട്ടിൽ, എന്നിവയും വാങ്ങിയിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കമ്പ്യൂട്ടർ, ടിവി, മോണിട്ടർ, പ്രിന്റർ തുടങ്ങിയവയും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയുടെയൊന്നും തന്നെ ഗുണനിലവാരമോ, സ്പെസിഫിക്കേഷനോ, തുടങ്ങിയവയൊന്നും തന്നെ കമ്മിറ്റിയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റികൾ സർക്കാർ ഉത്തരവുകൾ പാലിച്ചും, ആയതിന്റെ അന്തസ്സത്ത ഉൾക്കൊണ്ടും, ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്ന രീതിയിലും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-39 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ -

2020-21 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. എന്നാൽ തൻവർഷം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികളുടെ ഫയലിൽ അപ്രകാരം മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

3. കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് കരാറുകാരന് അയച്ചതിന്റെ കോപ്പി പല പ്രവൃത്തികളുടെ ഫയലിലും ഇല്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ളവയിലൊന്നും തന്നെ ആയത് കൈപ്പറ്റി കരാറുകാരൻ, ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തി നൽകുന്നില്ല.

4. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012 /PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

5. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

6. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൻജിനീയറുടെ അഭിപ്രായകുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള ഒരു പ്രവർത്തിയിലും, ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7. എഗ്രിമെന്റ് രജിസ്റ്ററിൽ പല പ്രവർത്തികളുടെയും PAC, സെക്യൂരിറ്റി തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

8. ടെൻഡർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. പല കോളങ്ങളിലും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

9. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

10.PAC, സെക്യൂരിറ്റി തുക എന്നിവയുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

11. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(23)ക്ക് ലഭ്യമാക്കിയ മറുപടിയിൽ അമിത ജോലിഭാരവും, ക്ലറിക്കൽ സ്റ്റാഫിന്റെ അഭാവവും, എത്തിച്ചേരാൻ വളരെയേറെ പ്രയാസമുള്ള കുട്ടനാടിന്റെ ഭാഗമായ ഈ പഞ്ചായത്തിൽ സഞ്ചരിക്കുവാൻ വാഹനം ഇല്ലാത്തതും ഒക്കെ കൊണ്ടാണ് ഇത്തരം അപാകതകൾ ഉണ്ടാകുന്നതെന്നും, ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ചൂണ്ടിക്കാട്ടിയ അപാകതകളിലേക്ക് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-40 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു-

വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം | 281രൂപ നിരക്കിൽ ഈടാക്കിയ തുക | ഫണ്ടിനം. | ബിൽ നമ്പർ തിയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | CSI ചർച്ച് മുതൽ ലൈബ്രറി ആറ്റതീരം വരെ റോഡ് ടാറിംഗ് -W-2 S0232/20, /190/20-21 | 2529/- | വികസന ഫണ്ട്. | 82/20-21,dt.25.3.20 729058/- |
| 2 | പടിഞ്ഞാറേക്കര മെയിൻ റോഡ് മുതൽ ജ്യോതി ഭവനം വരെ റോഡ് ടാറിംഗ്-w-14 1/195/20-21. | 2248/-/- | മെയിന്റനൻസ് ഗ്രാന്റ് | 66/20-21,dt. 09.03.21 485429/- |
| 3. | പൊലിവേലിപ്പറമ്പ് മുതൽ പുലക്കാടൻ തറ വരെ റോഡ്ടാറിംഗ്- 174/20-21. | 1405/- | വികസന ഫണ്ട്. | 96/20-21,dt. 30.03.21 58329/- |
| 4. | മൂപ്പാറ മുതൽ നസ്രത്ത് വരെ റോഡ് ടാറിംഗ്-w-1 | 1967/- | മെയിന്റനൻസ് ഗ്രാന്റ് | 68/20-21,dt. 08.03.21 483357/- |
| | ആകെ | 8149/- | | |

ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റ് കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ തന്നെ ഖണ്ഡിക 10.3 പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രവർത്തികളുടെ വില ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്ക വരുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (26) ലഭ്യമാക്കിയ മറുപടിയിൽ ഒഴിഞ്ഞ ടാർ വീപ്പകൾ സൂക്ഷിക്കുന്നതിനാവശ്യമായ യാർഡ് സൗകര്യങ്ങൾ പഞ്ചായത്തിൽ ഇല്ലായെന്നും അതിനാലാണ് തുക ബില്ലിൽ നിന്നും കുറവ് ചെയ്ത് തനതു ഫണ്ടിൽ സൂക്ഷിക്കുന്നതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-41 ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച്-

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.-

1) ആസ്തി രജിസ്റ്ററിൽ റോഡുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ളതിൽ അവസാന മെയിന്റനൻസ് വിവരങ്ങൾ, വാർഡ് നം., തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല.

2)ജംഗമ വസ്തുക്കളുടെ വിവരങ്ങൾ (അവയുടെ വില, വാങ്ങിയ തീയതി, ആരുടെ കൈവശം സൂക്ഷിച്ചിരിക്കുന്നു,)തുടങ്ങിയ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
3)ഭൂമിയുടെയും, കുടിവെള്ള പദ്ധതികളുടെയും വിവരം രേഖപ്പെടുത്തിയിട്ടുള്ളതിൽ,സ്ഥിതി ചെയ്യുന്ന വാർഡ്, വില്ലേജ്, സർവ്വെ നം.,ഭൂമിയുടെ ഏരിയ തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.
4. 2020-21 ലും, അതിന് മുൻപുള്ള വർഷങ്ങളിലും വളരെയധികം റോഡുകളും, കെട്ടിടങ്ങളും നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയുടെ വിവരങ്ങളൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/29.04.2022) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ ഈ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-42 12-ഇന പരിപാടി -ടേക്ക് എ ബ്രേക്ക് -ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം-

തദ്ദേശ സ്വയം ഭരണ വകുപ്പ് 06-03-2020 ൽ പുറപ്പെടുവിച്ച സ.ഉ.(കൈ) നം.45/2020 ലെ നിർദ്ദേശപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 8 ലക്ഷം രൂപ അടങ്കലിൽ നടപ്പിലാക്കിയ ഒരു പദ്ധതിയായിരുന്നു ടേക്ക് എ ബ്രേക്ക് -ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം. ഓഡിറ്റ് വർഷം പാർട്ട് ബിൽ മാത്രം നൽകിയ ഈ മരാമത്ത് പ്രവർത്തി 2021-22 വർഷമാണ് പൂർത്തീകരിക്കപ്പെട്ടത്. ആകെ 567410/- രൂപ ചെലവഴിച്ച ഈ പ്രവർത്തിയിൽ സിവിൽ പ്രവർത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വയറിംഗ് പ്രവർത്തികളാണ് ഇനി നിർവ്വഹിക്കാൻ ബാക്കിയുള്ളത്. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ പുറകിലായി നിർമ്മിച്ചിട്ടുള്ള ഈ കെട്ടിടം ഓഡിറ്റ് വേളയിൽ നേരിൽ കാണുകയുണ്ടായി. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ഇരിപ്പിടങ്ങളും, ടോയ്‌ലറ്റ് സൗകര്യവും ചായയും ലഘുഭക്ഷണവും ആവശ്യക്കാർക്ക് നൽകുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. വളരെ നല്ല രീതിയിൽ പൊതുജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് വളരെ സഹായകരമായ രീതിയിലാണ് ഈ കെട്ടിടം

നിർമ്മിച്ചിട്ടുള്ളത്. എന്നാൽ മേൽ ഉത്തരവിലെ ഖണ്ഡിക 4.1(2) പ്രകാരം ദേശീയ പാതയുടെയും, പൊതുമരാമത്ത് റോഡുകളുടെയും, ഓരത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതു സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വേണം പൊതു ടോയിലറ്റുകൾ സ്ഥാപിക്കേണ്ടത്. എന്നാൽ അത്തരമൊരു സൌകര്യപ്രദമായ സ്ഥലത്ത് അല്ല ഇത് സ്ഥാപിച്ചിട്ടുള്ളത്. അമ്പലപ്പുഴ – തിരുവല്ല പാതയിൽ നിന്നും, ഉള്ളിലേക്ക് മാറി, പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ പുറകിലായി നിർമ്മിച്ചിട്ടുള്ള ഈ കെട്ടിടം പ്രധാന പാതയിലൂടെ സഞ്ചരിക്കുന്ന പൊതുജനങ്ങൾക്ക് തികച്ചും അപ്രാപ്യമാണ്. എല്ലാ വിധ സൌകര്യങ്ങൾ ഉണ്ടായിട്ടും മറ്റ് പ്രദേശങ്ങളിൽ നിന്നെത്തുന്നവർക്ക് ഈ ടോയ്‌ലറ്റ് കോംപ്ലക്സ് യാത്രയ്ക്കിടയിൽ കണ്ടെത്താൻ കഴിയാത്ത വിധം ഉള്ളിലാണ് സ്ഥാപിച്ചിട്ടുള്ളത്. ആയത് കൊണ്ടു തന്നെ കെട്ടിടം പൂർണ്ണമായും പ്രവർത്തന സജ്ജമായാലും ഇതിന്റെ ലക്ഷ്യം കൈവരിക്കപ്പെടുമോയെന്നത് സംശയകരമാണ്. ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ആയതിന്റെ ലക്ഷ്യം കൈവരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും, ആയതിന് സഹായകരമാകുന്ന രീതിയിൽ നിർവ്വഹണം ആസൂത്രണം ചെയ്യേണ്ടതുമാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കൃഷിയിറക്കി ആദായമെടുക്കുന്നതിനുള്ള അവകാശം ലേലം-തുക എഴുതി തള്ളി - 10880/-രൂപ നഷ്ടം

തകഴി പഞ്ചായത്തിലെ സർവ്വേ നം. 363/2 ൽ പ്പെട്ട നിലം കൃഷിയിറക്കി ആദായമെടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുന്ന ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ.

തകഴി പഞ്ചായത്തിലെ സർവ്വേ 363/2 ൽ പ്പെട്ട വസതു കൃഷിയിറക്കി ആദായമെടുക്കുന്നതിനുള്ള അവകാശം 26/06/20 ൽ നടന്ന ലേലത്തിൽ ലേലം കൈക്കൊണ്ടത് ജെയിംസ് വർഗ്ഗീസ് പൂമംഗലം എന്നയാളാണ്. ടിയാൾ ലേലം കൈക്കൊണ്ടത് 16000/- രൂപയ്ക്കാണ്. എന്നാൽ ടി യാൻ 02/07/2020 ൽ ലേല തുക രണ്ട് പ്രാവശ്യമായി അടച്ചു തീർക്കുവാൻ അപേക്ഷിയ്ക്കുകയും ഇതേ തുടർന്ന് 08/07/20 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ലേല തുക രണ്ടു ഗഡുക്കളായി അടച്ചു തീർക്കാനും ആദ്യ ഗഡു 8000+18% പലിശയോടെ ജൂലൈ മാസത്തിലും ബാക്കി തുക ഒക്ടോബർ മാസത്തിലും അടയ്ക്കുന്നതിനും അനുമതി നൽകുകയും ചെയ്തു. ടിയാൾ 9020/- രൂപ (ജി.എസ്.ടി+ഫ്ലഡ് സെസ്) 120010100801/12-11-20 നം രസീത് പ്രകാരം അടവാക്കിയിട്ടുണ്ട്. പക്ഷേ ടിയാളിൽ നിന്നും പലിശ ഈടാക്കിയിതായി കാണുന്നില്ല. ബാലൻസ് തുകയായ 8000+ജി.എസ്.ടി വെള്ളപ്പൊക്കത്തിൽ കൃഷി നശിച്ചത് മൂലം ഒഴിവാക്കി നൽകണമെന്ന ടിയാളുടെ അപേക്ഷയിൻമേൽ (08/10/2020 ലെ A1-3115/20) 06-11-20ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം 8(1) പ്രകാരം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ തകഴി പഞ്ചായത്തിലെ ലേല നിബന്ധനകൾ പ്രകാരം ലേലം ഉറപ്പിച്ച് 5 ദിവസത്തിനുള്ളിൽ ഓരോ ലേലത്തിന് നിശ്ചയിച്ചിട്ടുള്ള ലേലതുക ലേലം ഉറപ്പിച്ച് ലഭിയ്ക്കുന്ന വ്യക്തി അടയ്ക്കേണ്ടതും ആയതിന് ശേഷം മാത്രമേ ലേല വ്യവസ്ഥ പ്രകാരമുള്ള അവകാശം പഞ്ചായത്തിൽ നിന്നും ടി വ്യക്തിയ്ക്ക് നൽകാവൂ എന്നുമാണ്. ടി യാൾ ലേലം നടത്തി 5 മാസത്തിന് ശേഷം മാത്രമാണ്( 12/11/20) പകുതി തുക അടച്ചത്.

1998 ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിയ്ക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ(SRO നം421/98) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന് പരമാവധി ആയിരം രൂപ വരെയുള്ള തുകകളേ എഴുതിതള്ളാൻ സാധിയ്ക്കുകയുള്ളൂ.തുക കൂടുതലായാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും, സർക്കാരിന്റെയും അംഗീകാരം വാങ്ങിയ ശേഷം മാത്രമേ എഴുതിതള്ളാൻ സാധിയ്ക്കുകയുള്ളൂ,. മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/28-04-22) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക എഴുതിത്തള്ളിയത് മൂലം പഞ്ചായത്ത് ഫണ്ടിന് 10880/- (8000+18%+1440) രൂപയുടെ (ലേല രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം) നഷ്ടമാണ് ഉണ്ടായിരിയ്ക്കുന്നത്. ശ്രീ. ജെയിംസ് വർഗ്ഗീസ് പൂമംഗലം എന്നയാളിൽ നിന്നും ടി തുക ഈടാക്കാത്ത പക്ഷം ബന്ധപ്പെട്ട സെക്രട്ടറി, തുക എഴുതിതള്ളാൻ തീരുമാനമെടുത്ത കമ്മിറ്റിയിലെ അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ടി തുക ഒടുക്കുന്നതുവരെയുള്ള പലിശ ഇവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

### 2-2 ഒരേ തുകയ്ക്ക് രണ്ടു തവണ രസീത് നൽകി-

2. ഒരു വ്യക്തിക്ക് ഒരു തവണ അടച്ച തുകയ്ക്ക് രണ്ടു തവണ രസീത് നൽകി. രസീത് ബുക്ക നം. 11751 പ്രകാരം ഔസേപ്പ്, പുതുപ്പറമ്പ് 14/12/2021- ൽ ഒടുക്കിയ 419 രൂപയ്ക്ക് രസീത് നം. 15, രസീത് നം. 19 എന്നീ രസീതുകൾ നൽകി.

രണ്ടു തവണ രസീത് നൽകി ,ഒരു തവണ മാത്രം ഒടുക്ക് വരുത്തിയ 419/- രൂപ തനത് ഫണ്ടിൽ ഒടുക്ക് വരുത്തുകയോ, അല്ലാത്ത പക്ഷം രണ്ടാമത് നൽകിയ രസീതിന്റെ കോപ്പി തിരിച്ചു വാങ്ങി റദ്ദ് ചെയ്ത് ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതുമാണ്. അതുവരെ സെക്രട്ടറിയുടെ ബാധ്യതയായി നിലനിൽക്കുന്നതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പരസ്യ ചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല -നഷ്ടം 3432/- രൂപ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ. (പി) നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ മാതൃഭൂമി ദിനപ്പത്രത്തിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല എന്ന് കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം/തീയതി | ബിൽ തുക | അർഹമായ ഡിസ്കൌണ്ട് (ജി.എസ്.ടി.ഉൾപ്പെടാതെയുള്ള തുകയുടെ 15%) |
|---|---|---|---|
| മാതൃഭൂമി | A1-2095/2019, 20.11.2019 മാതൃഭൂമി | 8320 | 1248 |
| | A2-2095/19, 01.11.2019 മാതൃഭൂമി | 6240 | 936 |
| | A1-592/2020 27.02.2020 മാതൃഭൂമി | 8320 | 1248 |
| ആകെ | | | 3432 |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൌണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തതും, പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴവൻ തുകയും അനുവദിച്ചു നൽകുകയും ചെയ്തത്. (തൻവർഷം ദേശാഭിമാനി പത്രത്തിൽ നൽകിയിട്ടുള്ള പരസ്യങ്ങൾക്ക് ഡിസ്കൌണ്ട് അനുവദിച്ചു കിട്ടിയിട്ടുണ്ട്.)

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (31/16-02-2022). സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം 3432/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

### 3-2 SC-ശ്മശാനം നവീകരണം-അധിക ചെലവ്-6821/- രൂപ

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം ആരംഭിച്ച് 2020-21 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയായിരുന്നു SC ശ്മശാനം നവീകരണം. ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. RCC വർക്കിന് അധികം തുക നൽകി -

ഈ പ്രവർത്തിയുടെ അളവ് പുസ്തകം 228/19-20 പേജ് 5 മുതൽ ഷെഡ് നിർമ്മാണത്തിന്റെ ഫൌണ്ടേഷന് വേണ്ടി എർത്ത് വർക്ക് എക്സ്കവേഷൻ മുതലുള്ള പ്രവർത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇനം 1 ആയി ചുവടെ ചേർത്തിട്ടുള്ള അളവിൽ ഫൌണ്ടേഷൻ നിർമ്മാണത്തിനായി മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.

2x5.1x 0.60 X0.35 = 2.142m$^3$

2x6.2x 0.60 X0.35 = 2.604m$^3$

= 4.746m$^3$

മേൽ സൂചിപ്പിച്ച നീളത്തിൽ 10 Cm കനത്തിൽ ബെഡ് കോൺക്രീറ്റ് ചെയ്തതിന് മുകളിൽ ചുവടെ ചേർത്തിട്ടുള്ള അളവിൽ DR ഉം RRഉം ചെയ്തിട്ടുണ്ട്.

DR

2x5.1x 0.50 X0.30 = 1.530m$^3$

2x5.7x 0.50 X0.30 = 1.710m$^3$

= 3.240m$^3$

RR

2x5.1x (0.50+0.40) X0.45 = 2.066m$^3$

2x5.7x(0.50+0.40) X0.45 = 2.309m$^3$

= 4.375m$^3$

എന്നാൽ ഇതിന് മുകളിൽ RCC വർക്ക് 15cm കനത്തിൽ നിർവ്വഹിച്ചപ്പോൾ പരമാവധി 5.7 മീറ്റർ നീളം മാത്രമേ RCC ചെയ്യാൻ സാധ്യമാകൂ എന്നിരിക്കെ 6.10 മീറ്റർ നീളത്തിൽ ഈ പ്രവർത്തി നിർവ്വഹിച്ചത് മൂലം അധിക ചെലവുണ്ടായതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അനുവദനീയമായത്-

2x5.1x 0.40 X0.15 = 0.612m$^3$

2x5.7x 0.40 X0.15 = 0.684m$^3$

1.296m$^3$ X 10600/m$^3$ = 13737/- രൂപ

അളവു പുസ്തകം പ്രകാരം നിർവ്വഹിച്ചത് – 1.664m$^3$

1.557m$^3$ ൽ ലിമിറ്റ് ചെയ്ത് നൽകിയത് –1.557m$^3$ X 10600/m$^3$ = 16504/-രൂപ

അധികം നൽകിയത് – 16504 – 13737 = 2767+ ജിഎസ്സ്ടി കോംപൻസേഷൻ-12%=332=3099/- രൂപ

അധികം തുക നൽകിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(31/2020-21) ലഭ്യമാക്കിയ മറുപടിയിൽ, പദ്ധതി നിർവ്വഹിച്ച അക്കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും മറുപടി ലഭ്യമാക്കുന്നതിനായി സെക്രട്ടറി മുഖാന്തിരം അറിയിപ്പ് കൊടുക്കുന്നതാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2.കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല-അധിക ചെലവ്-3722/-രൂപ

ഈ പ്രവർത്തിയുടെ അളവ് പുസ്തകം നം.228/19-20 പേജ് 13 ൽ ഇനം 1(1) ആയി സംരക്ഷണ ഭിത്തിയുടെ വശങ്ങൾ, ഷെഡിന്റെ ഉൾവശം, യാർഡ് എന്നിവിടങ്ങളിൽ ഫില്ലിംഗ് നടത്തിയതിന് 234.29m$^3$ മണ്ണ് വിനിയോഗിച്ചിട്ടുണ്ട്. ആയതിന് M$^3$ന് 1000/-രൂപ നിരക്കിൽ 234292/- രൂപ മൂല്യം നിർണ്ണയിച്ച നൽകിയിട്ടുണ്ട്.

അളവ് പുസ്തകം പേജ് 2 ൽ ഇനം 2(1) ആയി റീടെയിനിംഗ് വാളിന്റെയും, ഷെഡിന്റെ ഫൌണ്ടേഷൻ നിർമ്മാണത്തിനുമായി 13.859 എം$^3$ മണ്ണ് കുഴിച്ചടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ കുറഞ്ഞത് 60% എങ്കിലും പുനരുപയോഗ്യമാണ്. അതനുസരിച്ച് 8.31m$^3$ (13.859x60/100) മണ്ണെങ്കിലും പുനരുപയോഗയോഗ്യമാണ്. ആയത് കുറവ് ചെയതതിന് ശേഷം മാത്രം അനുവദിക്കാവുന്ന മണ്ണിന്റെ അളവ് ചുവടെ ചേർക്കുന്നു.

ഫില്ലിംഗിന് ഉപയോഗിച്ച മണ്ണിന്റെ അളവ് = 234.29m$^3$

(-) കുഴിച്ചെടുത്തതിൽ പുനരുപയോഗയോഗ്യമായ മണ്ണിന്റെ അളവ് (60%) = 8.31m$^3$

| | |
|---|---|
| 8.31m$^3$ മണ്ണിന് M$^3$ന്400/- രൂപ നിരക്കിൽ റോയൽറ്റി ഇനത്തിൽ നൽകേണ്ടത് | 8.31m$^3$ X400 = 3324/-+ ജിഎസ്സ്ടി കോംപൻസേഷൻ-12% =398/- ആകെ = 3324+398=3722/-രൂപ |

കുഴിച്ചെടുത്ത മണ്ണ് വിനിയോഗിക്കാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/20-21) ലഭ്യമാക്കിയ മറുപടിയിൽ കുട്ടനാടിന്റെ സ്വാഭാവിക ഭൂപ്രകൃതി അനുസരിച്ച് കുഴിച്ചെടുക്കുന്ന Clay സോയിൽ യാതൊരുവിധ ഫില്ലിംഗ് പ്രവർത്തികൾക്കും ഉപയോഗിക്കാറില്ല, അതിനാലാണ് കട്ട് എർത്ത് ഉപയോഗിക്കാത്തതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും അളവു പുസ്തകത്തിൽ വരുത്തിയിട്ടില്ല. മാത്രമല്ല, പറമ്പ് ഫില്ലിംഗ് മാത്രമുള്ള ഈ പ്രവൃത്തിയിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചതിന് പുറമെ ഗ്രാവൽ എർത്ത് ഫില്ലിംഗ് നടത്തിയാലും മതിയാകും. കാരണം ഇതിന് മുകളിൽ മറ്റ് യാതൊരു നിർമ്മാണ പ്രവർത്തനങ്ങൾ നടത്താതെ പൊതു സ്ഥലമായി ഉപയോഗിക്കുന്ന പ്രദേശം ആണിത്. ആയതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഒട്ടാകെ അധികം നൽകിയത് – 3099 + 3722 =6821/- രൂപ

അനുബന്ധ വിവരങ്ങൾ

അടങ്കൽ - 1340428/-

കരാറുകാരൻ - ബിനു.കെ.

അളവു പുസ്തകം -1) 228/19-20, 2)228/19-20(vol-2) 3) 228(B)/19-20.

ചെലവ് വിവരം-1)Rs-700000/-ബിൽ നം.23/20-21, Dt.17-07-20

2)Rs-183325/-ബിൽ നം.42/20-21, Dt.25-11-20

3)Rs-317796/-ബിൽ നം.87/20-21, Dt.11-04-20

## 3-3 ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്-നഷ്ടം-15736/-

തകഴി ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ, റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളതെങ്കിലും കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കാതെ/കുറവായി ഈടാക്കിയതായി കണ്ടു. ഒഴിഞ്ഞ ടാർ വീപ്പയ്ക്ക് ഈടാക്കേണ്ട വിലയായ 238/- രൂപയോടൊപ്പം 18% ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ നിരക്കിൽ ഈടാക്കാതിരുന്നത് മൂലം നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 281/-രൂപ നിരക്കിൽ ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് | ബിൽ നമ്പർ, തിയതി |
|---|---|---|---|---|---|---|---|
| 1 | CSI ചർച്ച് മുതൽ ലൈബ്രറി ആറ്റുതീരം വരെ റോഡ് ടാറിംഗ് -W-2 S0232/20,/190/20-21 | ബിനു.കെ | 15 ബാരൽ | 4215/- | 2529/- | 1686/- | 82/20-21, Dt.25.3.20 729058/- |
| 2 | ഷൌക്കറിന്റെ വീട് മുതൽ(ഒട്ടുങ്കൽ)ചിറയിൽ ചാൽ വരെ റോഡ് ടാറിംഗ്-w-11 227/19-20. | കൃഷ്ണൻകുട്ടി. | 5 ബാരൽ | 1405/- | 0 | 1405/- | 10/20-21, Dt. 20.5.20 209021/- |
| 3. | പടിഞ്ഞാറേക്കര മെയിൻ റോഡ് മുതൽ ജ്യോതി ഭവനം വരെ റോഡ് ടാറിംഗ്-w-14 1/195/20-21. | ജിജിമാത്യു. | 12 ബാരൽ | 3372/- | 2248/- | 1124/- | 66/20-21,dt. 09.03.21 485429/- |
| 4. | പൊലിവേലിപ്പറമ്പ് മുതൽ പുലക്കാടൻ തറ വരെ റോഡ്ടാറിംഗ്- 174/20-21. | ബിനു.കെ | 9 ബാരൽ | 2529/- | 1405/- | 1124/- | 96/20-21,dt. 30.03.21 58329/- |
| 5. | മൂപ്പാറ മുതൽ നസ്രത്ത് വരെ റോഡ് ടാറിംഗ്- w-1 | ജിജിമാത്യു. | 13 ബാരൽ | 3653/- | 1967/- | 1686/- | 68/20-21,dt. 08.03.21 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 04/20-21. | | | | | | 483357/- |
| 6. | കളത്തിൽ പീടിക മുതൽ എടത്വാ ബൌണ്ടറി വരെ റോഡ് ടാറിംഗ്-w-9 163/19-20 | ജിജിമാത്യു. | 9 ബാരൽ | 2529/- | 0 | 2529/- | 38/20-21,dt. 13.11.20, Rs374744/- |
| 7. | കണിയാംമുക്ക് തോട്ടുകടവ് റോഡ് ടാറിംഗ്-w-8, 176/19-20 | ജിജിമാത്യു. | 11 ബാരൽ | 3091/- | 0 | 3091/- | 34/20-21,dt. 13.11.20, Rs-520054/- |
| 8. | SC-ശ്മശാനം നവീകരണം ടാറിംഗ്-w-1, 36/20-21 | ബിന്ദു.കെ | 11 ബാരൽ | 3091/- | 0 | 3091/- | 87/20-21,dt. 11.4.20,317796/- |
| | | | | ആകെ | 15736/- | | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/20-21) ലഭ്യമാക്കിയ മറുപടിയിൽ ബാരലുകളുടെ വിലയും അതിന്റെ GST യും കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. തുക ഈടാക്കി ഒടുക്കിയ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-4 MGNREGS-കരാറുകാരനിൽ നിന്നും ജിഎസ്സ്ടി ഈടാക്കിയില്ല -GST വകുപ്പിന് നഷ്ടം-30966/-

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കും, ഗ്രഡ് എർത്തും മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്സ്ടി കുറവ് ചെയ്തിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തകഴി പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. അവയ്ക്ക് ചില ഉദാഹരണവും,വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്./M-Book | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ജി.എസ്.ടി.(2%) | FTO No./തീയതി |
|---|---|---|---|---|
| 5-ാം വാർഡിൽ പടഹാരം ഷാപ്പുപടി പാലം മുതൽ ചെമ്പകശ്ശേരി പാലം വരെ കോൺക്രീറ്റിംഗ്. 126/20-21 294544 | കൃഷ്ണൻകുട്ടി. | 380157/- | 7603/- | 969783/31-03-21,Rs-276347/- |
| 9-ാം വാർഡിൽ എഴുനൂറും പാടം പുറം ബണ്ട് സംരക്ഷണം. 352661 153/20-21 | ജിജി മാത്യു. | 352470/- | 7049/- | 1322/03-04-21, Rs-249900/- 953124/29-03-21, Rs-102570/- |
| 13-ാം വാർഡിൽ | കൃഷ്ണൻകുട്ടി. | 411173/- | 8223/- | 969980/30-03-21, |

| | | | | |
|---|---|---|---|---|
| പാണ്ടിയപ്പിള്ളി മുതൽ മണിയൻപിള്ളി വരെ റോഡ് കോൺക്രീറ്റിംഗ്. 294274 | | | | Rs264784/- 969970/30-03-21, Rs152478/- |
| 5-ാം വാർഡിൽ ദേവകീ സദനം മുതൽ കിഴക്കോട്ട് റോഡ് കോൺക്രീറ്റിംഗ്. 298030 83/20-21 | ജിജി മാത്യു. | 404594 | 8091/- | 663101/21-01-21, Rs92929/- 663106/21-01-21, Rs-121606/- 663106/21-01-21, Rs-121606/- |
| | | ആകെ | 30966/- | |

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(35) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ജിഎസ്സ്ടി വകുപ്പിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറി, അക്രെഡിറ്റഡ് ഓവർസിയർ എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-5 മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല- കേന്ദ്ര സർക്കാരിന് നഷ്ടം-11436/-രൂപ

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റല്ലം, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 1% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്. | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ആദായ നികുതി(1%) | FTO No./തീയതി |
|---|---|---|---|---|
| 5- എഴുന്നൂറും പാടം പുറംബണ്ട് സംരക്ഷണം മോട്ടോർ തറ മുതൽ കന്യേൽ വരെ റോഡ് നിർമ്മാണം. (MBook No. 153/20-21 വർക്ക് കോഡ്. 352661) | ജിജിമാത്യു, ചുട്ടുകാട്ടിൽ, ചെക്കിടിക്കാട്. | 352470/- (M Book Page No.18/Rs 352470) | 3524/- | 1322/20-21 /03.04.21-249900/- 953124/29.03.21-102570/- |
| 13-ാം വാർഡിൽ പാണ്ടിയപ്പിള്ളി മുതൽ മണിയൻപിള്ളി വരെ റോഡ് കോൺക്രീറ്റിംഗ്. (MBook No. 165/20-21 വർക്ക് കോഡ്. 294274) | കൃഷ്ണൻകുട്ടി. | 411173/- | 4111/- | 1)969980/30.03.21/ 264784 /- 2)969970/30.03.21/ 152478 /- |
| 5-ാം വാർഡിൽ പടഹാരം ഷാപ്പുപടി പാലം മുതൽ ചെമ്പകശ്ശേരി പാലം വരെ റോഡ് കോൺക്രീറ്റിംഗ്. (MBook No. 126/20-21 വർക്ക് കോഡ്. 294544) | കൃഷ്ണൻകുട്ടി. | 380157/- | 3801/- | 1)969793/30.03.21/ Rs.109552 2)969783/30.03.21 /Rs.276347. |
| | | ആകെ | 11436/- | |

ആദായനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/20-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറി, തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയർ എന്നിവരിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-6 കിടാരി വിതരണം -നിർവ്വഹണത്തിൽ നിരവധി അപാകതകൾ-189000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല-

വെറ്ററിനറി സർജൻ നടപ്പിലാക്കിയ സുഭിക്ഷ കേരളം-കിടാരി വിതരണം എസ്.സി.പി.(വനിത) പദ്ധതി പ്രകാരം പട്ടികജാതി വർഗ്ഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് ആറു മുതൽ എട്ടു മാസം വരെ പ്രായമുള്ള കിടാരികളെ 75% സബ്സിഡി(യൂണിറ്റ് കോസ്റ്റ് 12000/-(75% സബ്സിഡി 9000/-,)3000 ഗുണഭോക്തൃവിഹിതം) നിരക്കിൽ 70 പശുക്കുട്ടികളെ എസ്.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകാനാണ് വിഭാവനം ചെയ്തത്. ഇപ്രകാരം ശ്രീ.ഗോപി, ജി.ഇ.ഇ ഫാം മഞ്ഞിലക്കാട്ടുവെളിയിൽ, വയലാർ പി.ഒ, ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും 70 കിടാരികളെ വാങ്ങി നൽകിയിട്ടുണ്ട്. പശുക്കുട്ടികളുടെ വിലയായി 8,40,000/- രൂപ മേൽ സ്ഥാപനത്തിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക-1

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ 214/21 |
| പ്രോജക്റ്റ് | സുഭിക്ഷ കേരളം-കിടാരി വിതരണം എസ്.സി.പി. (വനിത) |
| അടങ്കൽ | 8.40,000 (6,30,000(എസ്.സി.പി),2,10,000 മറ്റുള്ളവ)<br>ചെലവഴിച്ച തുക-8,40,000 |
| ചെലവ് | 'ട്രഷറി ബിൽ നമ്പർ 7/20-21/16-04-20 -2,88,000, ബിൽ=12/11-20-96000/- ട്രഷറി ബിൽ നമ്പർ 7/20-21,-72000/-,16-01-20 24000/- ട്രഷറി ബിൽ നമ്പർ 8/20-21 ആകെ 2,70,000/-,ബിൽ 24/02/21-90000<br>ആകെ 8,40,000 |

ടി തുക പൂർണ്ണമായും ശ്രീ.ഗോപി, ജി.ഇ.ഇ ഫാം മഞ്ഞിലക്കാട്ടുവെളിയിൽ എന്നയാൾക്ക് നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) SC വിഭാഗത്തിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി-

എസ്.സി ഗുണഭോക്താക്കൾക്ക് മാത്രമായാണ് ടി പദ്ധതി നടപ്പാക്കിയത്. എന്നാൽ പദ്ധതി നടപ്പാക്കിയപ്പോൾ എസ്.സി വിഭാഗത്തിൽപെടാത്തയാൾക്കും ആനുകൂല്യം നൽകിയതായി കാണുന്നു വിശദവിവരങ്ങൾ ചുവടെ

| ക്രമ നം | ഗുണഭോക്താവിന്റെ വിവരങ്ങൾ | അപാകത |
|---|---|---|
| 1 | ജോമോൾ,കൃപാലയം, കരുമാടി വാർഡ് നം 2 | കരുമാടി വില്ലേജോഫീസർ നൽകിയ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിൽ OECഎന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് |

വില്ലേജോഫീസർ നൽകിയ സർട്ടിഫിക്കറ്റിൽ കൃസ്ത്യൻ ചേരമർ -OEC എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടും ടി ഗുണഭോക്താവിന് ആനുകൂല്യം നൽകിയത് സബ്സിഡ് മാർഗ്ഗരേഖയുടെ ലംഘനമാണ്. ടിയാൾക്ക് നൽകിയ സബ്സിഡി തുകയായ 9000/- രൂപ തിരികെ ഈടാക്കാത്ത പക്ഷം ടി തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2)ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി-

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റില്ലാത്തതും, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവരുമാണ്.

| ക്രമ നം | ഗുണഭോക്താവിന്റെ വിവരങ്ങൾ | അപാകത |
|---|---|---|
| 1 | ഹേമ.എ, കീർത്തിനിവാസ്, കരുമാടി | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |

| | | |
|---|---|---|
| | വാർഡ് നം. 1 | |
| 2 | ലീലാ മണി, നെല്ലിശ്ശേരിത്തറ, തകഴി വാർഡ് നം. 14 | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 3 | ആതിര.എ, പറവുകാലയിൽ, പടഹാരം, വാർഡ്നം 3 | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല, ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 4 | മനോരമ, ആഞ്ഞിലിവേലി, വിരുപ്പാല, തകഴി വാർഡ് നം 6 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 5 | സുഷമ്മ, ഹരിദാസ്, മാലിച്ചിറ ഹൗസ്, ചെക്കിടികാട് വാർഡ് നം. 9 | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 6 | സരസമ്മ പ്രഭാകരൻ, നാല്പതാംകളം ചെക്കിടികാട്, വാർഡ് നം. 8 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 7 | സജിത.കെ.ആർ, കേളമംഗലം, വാർഡ് നം. 7 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 8 | ഉമ ശാന്തമംഗലം, കരുമാടി, അമ്പലപ്പുഴ, വാർഡ് നം. 2 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 9 | അമ്പിളി, അഭിജിത് ഭവനം, വാർഡ് നം. 6 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 10 | ശാരി പ്രശാന്ത്, പ്രശാന്ത് ഭവനം, തകഴി വാർഡ് നം 13 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 11 | കൗസല്യ, സന്ധ്യഭവനം, കരിശ്ശുമൂല കോളനി, വിരുപ്പാല വാർഡ് നം. | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 12 | ദീപ, ദീപക് നിവാസ്, കുന്നമ്മ.പി.ഒ, തകഴി | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 13 | സിന്ധു, സിന്ധുഭവനം, കുന്നമ്മ വാർഡ് നം. 10 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 14 | സുകുമാരി, ഉണ്ണിനിവാസ്, കുന്നമ്മ വാർഡ് നം. 11 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 15 | വിനീഷ, പുത്തൻകരിച്ചിറ, കുന്നമ്മ വാർഡ് നം. 11 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 16 | കെ.കെ.ഓമന, കാട്ടിൽപറമ്പിൽ, കുന്നമ്മ വാർഡ് നം. 11 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 17 | ശ്രീലത ശ്രീകുമാർ, കന്യാകോണിൽ, ചിറയകം വാർഡ് നം. 3 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 18 | പി.റ്റി.തങ്കമ്മ, സുധീഷ്ഭവനം, പുല്ലങ്ങടി വാർഡ് നം. 3 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 19 | സിന്ധു, രേവതിഭവനം, കരിശ്ശുമല കോളനി, വിരുപ്പാല, തകഴി, വാർഡ് നം. 6 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 20 | മായാദേവി.എസ്, പുത്തൻപുര, പടഹാരം വാർഡ് നം. 2 | ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ള ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റി ലിസ്റ്റ് അംഗീകരിച്ച നൽകിയിട്ടും, ആ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് ക്രമ വിരുദ്ധമാണ്. ആയതിനാൽ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടാത്ത മേൽ 20 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച സബ്സിഡി തുകയായ 1,80,000/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ

നിന്നും ഈടാക്കേണ്ടതാണ്.

3)ചെലവഴിച്ച തുകയുടെ ആധികാരികത ഉറപ്പാക്കാൻ കഴിയുന്നില്ല-

ഫയൽ പരിശോധിച്ചതിൽ നിന്നും ടി ബില്ലുകളിൽ ട്രഷറി വഴി മാറിയ ബില്ലുകളുടെ ആധികാരികത മാത്രമേ ഉറപ്പിയ്ക്കാൻ സാധിച്ചുള്ളു മറ്റു ബില്ലുകളുടെ ബിൽ കോപ്പി ഫയലിലുണ്ടെങ്കിലും നൽകിയ ചെക്കിന്റ വിവരങ്ങൾ/ട്രാൻസ്ഫർ ചെയ്ത വിവരങ്ങൾ ലഭ്യമല്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

I) 12/11/20-96000/-

Ii)16-01-20= 24000/-

Iii)24-02-21-90000 ടി തുകകളുടെ ട്രാൻസ്ഫർ വിവരങ്ങൾ/ചെക്കിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മറ്റ് അപാകതകൾ-

1)സബ്സിഡി മാർഗ്ഗരേഖ പ്രകാരം വാങ്ങുന്ന മൃഗങ്ങളുടെ പ്രായം ഗുണനിലവാരം എന്നിവ നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്, ആയത് ഉറപ്പാക്കിയ രേഖകൾ ഫയലിൽ ലഭ്യമല്ല.. ഇവയെ ഇൻഷ്വർ ചെയ്തതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല..

2) ഫയലിനൊപ്പം ഹാജരാക്കിയ ജി.ഇ.ഇ ഫാം മഞ്ഞിലക്കാട്ടുവെളി എന്ന സ്ഥാപനത്തിന്റെ ബിൽ പ്രകാരം ആകെ 70 കിടാരികളെ നൽകിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ ബില്ലുകളിലും, കൈപ്പറ്റ് രസീതുകളിലും, തീയതികൾ രേഖപ്പെടുത്തിയിട്ടില്ല, കൈപ്പറ്റ് രസീതുകളിൽ ചെക്ക് നം/തുക ട്രാൻസ്ഫർ ചെയ്ത വിവരങ്ങളോ ഇല്ല. ജി.ഇ.ഇ ഫാമിന്റെ തന്നെ പുതിയ ഇൻവോയിസ് ബില്ലെടുത്ത് അതിലാണ് കൈപ്പറ്റ് വിവരങ്ങൾ രേഖപ്പെടുത്തുന്നത്, ഉദാ ഇൻവോയിസ് നം 042 ൽ നമ്പറിൽ 2,88,000/- രൂപ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ ചെക്ക് നമ്പരോ, ട്രാൻസ്ഫർ ചെയ്ത വിവരങ്ങളോ തീയതിയോ രേഖപ്പെടുത്തിയിട്ടില്ല (തീയതി ഇല്ല)
മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 26/30-04-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-7 പരസ്യങ്ങൾ നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതൽ നൽകുന്നു - 11446/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

ദർഘാസ് പരസ്യങ്ങൾ "വിൻഡോ മാതൃകയിൽ," രണ്ട് കോളം (8cm)x(3cm)=24cm$^2$ വലുപ്പത്തിലുള്ളതായിരിക്കണമെന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും (സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ടെൻഡർ, വാങ്ങലുകൾ എന്നിവയ്ക്കായി നൽകിയ ചില പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ഇത് പരസ്യചെലവ് കൂടുന്നതിനിടയാക്കി.

| ഇൻവോയിസ് നം. /ആർ.ഒ നം./ തീയതി ദിനപത്രം | വൌച്ചർ നം/ ചെക്ക് നം/ തീയതി | പരസ്യത്തിന്റെ വലുപ്പം | ചെലവ് | അനുവദനീയമായ വലുപ്പം/ചെലവ് | അധികം നൽകിയത് |
|---|---|---|---|---|---|
| ALP/2020 /2124/06.03.2020 ദേശാഭിമാനി | 22000087/ 25.05.2020 | 8x4=32cm$^2$ | 5760/- Discount(864) +Tax (5%)249 =4647/- | 3x8=24cm$^2$ 4320+249 =4565 | 78 |
| A1-2095/2019, 20.11.2019 മാതൃഭൂമി | 22000210/ 12.08.2020 | 8x4=32cm$^2$ | 8736/- Discount(ലഭിച്ചിട്ടില്ല) +Tax (5%) 416= 8320 | 3x8=24cm$^2$ 4320+416 =4736 | 3584 |
| A2 – 2095/19, 01.11.2019 മാതൃഭൂമി | " | 8x4=32cm$^2$ | 6552 Discount(ലഭിച്ചിട്ടില്ല) +Tax (5%) 312 =6240 | 3x8=24cm$^2$ 4320+312 =4632 | 1608 |

| | | | | | |
|---|---|---|---|---|---|
| A 1 – 592/2020<br>27.02.2020<br>മാതൃഭൂമി | " | 8x4=32cm$^2$ | 8736/-<br>Discount(ലഭിച്ചിട്ടില്ല)<br>+Tax (5%)<br>416=<br>8320 | 3x8=24cm$^2$<br>4320+416<br>=4736 | 3584 |
| ALP/2019<br>/1280/12.11.2019<br>ദേശാഭിമാനി | 22000209/<br>07.08.2020 | 8x4=32cm$^2$ | 7200/-<br>Discount(1080)<br>+Tax (5%)306<br>=6426/- | 3x8=24cm$^2$<br>4320+306<br>=4626 | 1800 |
| ALP/20-21<br>/0701/06.03.2020<br>ദേശാഭിമാനി | 22000476/<br>14.01.2021 | 8x4=32cm$^2$ | 5760/-<br>Discount(648)<br>+Tax (5%)184<br>= 5296/- | 3x8=24cm$^2$<br>4320+184<br>=4504 | 792 |
| ആകെ | | | | | 11446 |

പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. (40/21.3.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ 11446/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-8 വൃദ്ധർക്ക് കട്ടിൽ- മാനദണ്ഡങ്ങൾ പാലിക്കാതെ നല്കി - 7372/-രൂപയുടെ ചെലവ് നിരാകരിക്കുന്നു

പ്രോജക്ട് നം.13/21 (എസ്.സി)

അടങ്കൽ- 43,700/-(പൊതു വിഭാഗം) + 185000 (എസ്.സി.പി) =228700
ചെലവ്- 43,700/-(പൊതു വിഭാഗം) + 185000 (എസ്.സി.പി) =228700

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ടി പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി. ശ്യാമള കുമാരൻ, വിരവുതറ, കുന്നുമ്മ എന്നയാളുടെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, 15.03.2017 ൽ ഇഷ്യു ചെയ്ത റേഷൻ കാർഡിന്റെ പകർപ്പിൽ വയസ്സ് 47എന്നാണ് രേപ്പെടുത്തിയിട്ടുള്ളത്. ആധാർ കാർഡിന്റെ പകർപ്പോ വയസ്സ് തെളിയിക്കുന്ന രേഖയോ ഹാജരാക്കിയിട്ടില്ല.

കൂടാതെ, ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി.ശാരദ, ആശാ ഭവനം, തെന്നടി എന്നയാളുടെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, ആധാർ കാർഡിന്റെ പകർപ്പിൽ ജനിച്ച വർഷമായി രേഖപ്പെടുത്തിയിരിക്കുന്നത് 1964 എന്നും 15.03.2017 ൽ ഇഷ്യു ചെയ്ത റേഷൻ കാർഡിന്റെ പകർപ്പിൽ വയസ്സ് ആയി 55 എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സബ്സിഡി മാർഗരേഖപ്രകാരം ടി പ്രോജക്ടിന്റെ ഗുണഭോക്താക്കൾ 60 വയസ്സ് പൂർത്തിയായവർ ആയിരിക്കണമെന്ന് വ്യവസ്ഥചെയ്യുന്നുണ്ട്.

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21/27.04.2022)മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, അനർഹരായ ഗുണഭോക്താക്കൾക്ക് നൽകിയ 7372/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക ആവശ്യമായ രേഖകളുടെ പിൻബലമില്ലാതെ ആനുകൂല്യം നൽകിയ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 കയർ ഭൂവസ്ത്രം വിരിക്കൽ- കൂലിയിനത്തിൽ അധികം തുക ചെലവഴിച്ചു-നഷ്ടം- 27273/-രൂപ.

20-21സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ പുറം ബണ്ടുകൾ കയർഭൂവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിനെക്കാൾ വളരെ കൂടിയ അളവിലും, അതേ അളവിലുമുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് വിലയിനത്തിലും കൂലിയിനത്തിലും അധികം തുക ചെലവഴിച്ചതായി കണ്ടു.

കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05ചതു.മീറ്റർ ആണ്. 2 മീറ്റർ

വീതിയിലുള്ള കയർഭ്രവസ്ത്രം 2.5 മീറ്റർ വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭ്രവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭ്രവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭ്രവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തലുള്ളത്. മാത്രവുമല്ല, ചില പ്രവർത്തികളിൽ കയർ കോർപ്പറേഷനിൽ നിന്നും ബിൽ പ്രകാരം വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുള്ള അളവിനെക്കാൾ വളരെ കൂടുതൽ അളവിൽ കയർഭ്രവസ്ത്രം സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തുകയും, ആ അളവിന് മൂല്യം നിർണ്ണയിക്കുകയും, അതേ അളവ് തന്നെ വിരിച്ചതായി രേഖപ്പെടുത്തി, അധികം തുക കൂലിയിനത്തിൽ ചെലവഴിക്കുകയും ചെയ്തു. ഇപ്രകാരം കയർ ഭ്രവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം നം. 80.8.63ൽ, ച.മീറ്ററിന് 71.58രൂപ നിരക്കിൽ നല്കിയതിന്റെയും, കയർഭ്രവസ്ത്രത്തിന്റെ അളവ് അധികമായി രേഖപ്പെടുത്തി തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1.14 -ാംവാർഡിൽ കല്ലേപ്പുറം പാടം പുറംബണ്ട് കയർഭ്രവസ്ത്രം വിരിക്കൽ-

വർക്ക് കോഡ്- RP/367560

M-book No.- 144/20-21.

FTO- No.-1) 544815, Rs-49224/-dt.17-12-20

| | |
|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭ്രവസ്ത്രത്തിന്റെ അളവ് | 2500$m^2$ |
| കയർഭ്രവസ്ത്രം വാങ്ങിയതായി അളവുപുസ്തകം പേജ് 3 ൽ രേഖപ്പെടുത്തിയിട്ടുള്ളത് | 2500$m^2$ |
| പേജ് 11,15.19 എന്നിവയിൽ കയർഭ്രവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയതായി രേഖപ്പെടുത്തിയ തുകയും. | 2500$m^2$, 178965/-രൂപ (2500 X 71.586/$m^2$) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | 2380.95$m^2$ (2500/1.05) X 71.586/$m^2$ = 170442 |
| അധികം നൽകിയത്. | 178965-170442= 8523/-രൂപ |

2. 2-ാം വാർഡിൽ ഉടമ്പ്ര പാടശേഖരത്തിന്റെ പുറംബണ്ട് ഭ്രവസ്ത്രം വിരിക്കൽ-

വർക്ക് കോഡ്- 367847

M-book No.- 145/20-21

FTO- No.-1)534361/11.12.20, 46294/-

| | |
|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർ ഭ്രവസ്ത്രത്തിന്റെ അളവ് | 2500$m^2$ |
| കയർഭ്രവസ്ത്രം വാങ്ങി സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകം പേജ് 2 ൽ രേഖപ്പെടുത്തിയിട്ടുള്ളത് | 2500$m^2$ |
| പേജ് 24ൽ കയർഭ്രവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും | 2500$m^2$, 178965/-രൂപ (2500 X 71.586/$m^2$) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | 2380.95$m^2$ (2500/1.05) X 71.586/$m^2$ = 170442 രൂപ |
| അധികം നൽകിയത്. | 178965-170442= 8523/-രൂപ |

3. 4 -ാംവാർഡിൽ പോളേപാടശേഖരത്തിന്റെ പുറം ബണ്ട് കയർഭ്രവസ്ത്രം വിരിക്കൽ-

വർക്ക് കോഡ്-366331

M-book No.- 169/20-21`

FTO- No.-589823/31.12.20-48635/-

| | |
|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭ്രവസ്ത്രത്തിന്റെ അളവ് | 3000$m^2$ |
| കയർഭ്രവസ്ത്രം വാങ്ങി സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകം പേജ് 24ൽ രേഖപ്പെടുത്തിയിട്ടുള്ളത് | 3000$m^2$ |

| | |
|---|---|
| പേജ് 24ൽ കയർഭൃവസ്തം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും | 3000$m^2$, 214758/-രൂപ (3000 X 71.586/$m^2$)214758രൂപ |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | 2857$m^2$ (3000/1.05) X71.586/$m^2$ = 204531.42- രൂപ |
| അധികം നൽകിയത്. | 214758-204532=10227 |

ഒട്ടാകെ അധികം നൽകിയത്-8523+8523+10227=27273/-രൂപ. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വാങ്ങിയ കയർഭൃവസ്തം മുഴുവൻ ഉപയോഗിച്ചിട്ടുള്ളതു കൊണ്ടാണ് അതിനനുസൃതമായി വേതനം കണക്കാക്കിയത് എന്ന മറുപടി നൽകിയിട്ടുണ്ട്. വേതനമിനത്തിൽ അധികമായി നൽകിയ 27273/-രൂപ സെക്രട്ടറി, തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-10 പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കുന്നില്ല-അധികം നൽകിയത് - 21062/-

ജി.ഒ. (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ(പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് & എൻജിനീയറിംഗ് വിംഗ് ചീഫ് എൻജിനീയറുടെ നം.ഇ4/104212020/സിഇ/തസ്വഭവ /തീയതി.20-10-2020 പ്രകാരം അതാത് വർഷം പൂർത്തീകരിക്കാൻ വിഭാവനം ചെയ്യുന്ന പദ്ധതികൾ അതത് വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി യഥാസമയം പ്രവർത്തി പൂർത്തീകരിരക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴയൊന്നും തന്നെ ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചു നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

1) 2- വാർഡിൽ CSI ചർച്ച് ലൈബ്രറി മുതൽ ആറ്റു തീരം വരെ റോഡ് ടാറിംഗ്-
പ്രൊജക്റ്റ് നം - എസ്സ് 0232/20
കരാറുകാരൻ - ബിനു.കെ
എഗ്രിമെന്റ് നം. 45/AE/LSGD/TKY/19-20/20-03-20
ബിൽ നം, തീയതി, തുക - 1) 82/20-21, 25-03-21, 729058/-
PAC- 654947/-
M Book – 190/20-21
പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 19-09-20
പൂർത്തീകരിച്ച തീയതി- 10-02-21
ഈടാക്കേണ്ട പിഴ -
ആദ്യ തവണ- PAC യുടെ 1% – 654947 X 1% = 6549/-(19/12/2020 വരെ)
രണ്ടാം തവണ-PACയുടെ2%-654947x2%=13099x53/90(10/02/21 വരെ) = 7713/-
ആകെ ഈടാക്കേണ്ടത് – 6549 + 7713 = 14262/-രൂപ
ഈടാക്കിയത് - 0/-
കുറവ് – 14262/-രൂപ

2) 11-ാം വാർഡിൽ ഷൌക്കറിന്റെ വീട് മുതൽ (ഒറ്റങ്കൽ) ചിറയിൽ ചാൽ വരെ റോഡ് ടാറിംഗ്-
പ്രോജക്റ്റ് നം - എസ്സ് 0070/20
കരാറുകാരൻ - കൃഷ്ണൻകുട്ടി.
എഗ്രിമെന്റ് നം. 6/AE/LSGD/TKY/19-20/20-09-19
ബിൽ നം, തീയതി, തുക - 1) 10/20-21, 20-05-20, 209021/-
PAC- 186625/-
M Book – 227/19-20
പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 19-01-20
പൂർത്തീകരിച്ച തീയതി- 16-08-20
ഈടാക്കേണ്ട പിഴ -
ആദ്യ തവണ- PAC യുടെ 1% –186625 X 1% = 1866/-(18/04/2020 വരെ)

രണ്ടാം തവണ- PAC യുടെ 2% –186625 X 2% = 3732/-(18/07/2020 വരെ)

മൂന്നാം തവണ-PACയുടെ2%-186625x2%=3732x29/90(16/08/20 വരെ) =1202/-

ആകെ ഈടാക്കേണ്ടത് – 1866 + 3732+1202 = 6800/-രൂപ

ഈടാക്കിയത് - 0/-

കുറവ് – 6800/-രൂപ

ഒട്ടാകെ- 14262 + 6800 = 21062/-രൂപ

മേൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തിയിൽ കരാർ പ്രകാരം കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷനൽകിയിട്ടില്ല. പൂർത്തീകരണ കാലാവധി നീട്ടി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനവും ഇല്ല. കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷനൽകിയിട്ടില്ലാത്ത സാഹചര്യത്തിലും, കമ്മിറ്റി തീരുമാനം ഇല്ലാതെയും പൂർത്തീകരണ കാലാവധി അനിശ്ചിതമായി നീട്ടി നൽകിയതിനും, ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ചും മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(17/20-21) ലഭ്യമാക്കിയ മറുപടിയിൽ ടി പ്രൊജക്ടുകൾ ആരംഭിച്ച കാലഘട്ടം കോവിഡ് -19 മഹാമാരിയുടെ കാലമായിരുന്നതിനാൽ കരാറുകാർക്ക് യഥാവിധി പ്രവർത്തി പൂർത്തീകരിക്കുന്നതിന് ലോക്ഡൌൺ ഉൾപ്പെടെയുള്ളവ കാരണമായിയെന്നും ആയതിനാലാണ് യഥാസമയം പ്രവർത്തി പൂർത്തീകരിക്കാനാവാതെ വന്നതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഖണ്ഡികയിൽ ക്രമ നം. 1 ആയി രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി-19-09-20 ഉം പൂർത്തീകരിച്ച തീയതി-10-02-21ഉം ആണ്. ടി കാലയളവിലൊന്നും തന്നെ സംസ്ഥാനത്ത് ലോക്ക്ഡൌൺ നിലവിലുണ്ടായിരുന്നില്ല. ക്രമ നം. 2 ആയി രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 19-01-20 ഉം പൂർത്തീകരിച്ച തീയതി-16-08-20 ഉം ആണ്.ഈ പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതിയിൽ ഇൻഡ്യയിലെവിടെയും പോലും കോവിഡ് സംബന്ധമായ യാതൊരു ബുദ്ധിമുട്ടുകളും ആരംഭിച്ചിട്ടില്ല. ആയതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. പിഴയിനത്തിൽ ഈടാക്കാതിരുന്ന തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 12,50,656 | ലൈഫ് | 7,60,000 | 4,90,656 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 76 | പാലിയേറ്റീവ് | 0 | 76 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 9859 | എസ്.എൻ.പി | 0 | 9859 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 27,700 | ഐ.സി.ഡി.എസ്-എം.ആർ,പി.എച്ച് | 0 | 27,700 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,00,000 | അഗതി ആശ്രയ | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 6135 | ലൈഫ് | 0 | 6135 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 5,80,000 | അംഗൻവാടി നിർമ്മാണം | 5,80,000 | 0 |

RP-7, RP-31 എന്നിവ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി 24,72,849/- രൂപ ലഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വരവ്-ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമായി ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലഭ്യമായ വിവരങ്ങൾ ആണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | കുന്നമ്മ ചന്ത റെയിൽവേ പാലം – പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 8/20-21 20/05/20 | 100000 | 0 | 100000 |
| വാട്ടർ അതോറിറ്റി | കുടിവെള്ള പദ്ധതി വാർഡ്-6 ഗ്രൌണ്ട് വാട്ടർ അതോറിറ്റി തുക ഡിപ്പോസിറ്റ് ചെയ്യൽ | 1) 10/20-21/ 20.05.20 222136/- 2) 12/20-21/ 20/05/20 1137814/- | 1360000 | 0 | 1360000 |
| വാട്ടർ അതോറിറ്റി | കസ്തൂർബ കോളനി ഭൂഗർഭ കുടിവെള്ള പദ്ധതി സ്ട്രക്ചർ- പുനർനിർമ്മിക്കലും മോട്ടോറും വാട്ടർ ടാങ്കും വാങ്ങി സ്ഥാപിക്കലും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1). 2/20-21/ 08.05.20 107166/- 2). 3/20-21/ 08.05.20 832750/- | 939916 | 0 | 939916 |
| വാട്ടർ അതോറിറ്റി | ഐവേലിക്കാട് ഭൂഗർഭ കുടിവെള്ള പദ്ധതിയിൽ നിന്ന് വാലാറ്റുപാറ ഭാഗത്തേക്കും തുരുത്തിൽ ഭാഗത്തേക്കും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 4/20-21 08.05.20 | 387000 | 0 | 387000 |
| വാട്ടർ അതോറിറ്റി | നാലാം വാർഡിലെ വാട്ടർ അതോറിറ്റി ലൈനിൽ നിന്ന് കിരൺ നിവാസ് മുതൽ സന്ദീപ് നിവാസ് വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22000880, 26/03/2021 | 250000 | 250000 | 0 |
| ഭൂജല വകുപ്പ് | ഭൂജല വകുപ്പിന്റെ ഐവേലിക്കാട്കുടിവെള്ള പദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22000878, 20/03/2021 | 350000 | 350000 | 0 |
| വാട്ടർ അതോറിറ്റി | പത്താം വാർഡിലെ ഭൂജല വകുപ്പിന്റെ കുടിവെള്ള പദ്ധതിയിൽ നിന്ന് മാങ്കരിക്കരി മുതൽ തെക്കോട്ട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22000879, 20/03/2021 | 100000 | 100000 | 0 |
| കെ.എസ്.ഇ.ബി | കുലിപ്പുരയ്ക്കലർ പുതുവലർ ഇരുന്നൂറ് പറ സെറ്റിൽമെൻറ് കോളനികളിൽ എൽ. ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ | 22000876, 25/02/2021 | 50000 | 47462 | 2538 |
| കെ.എസ്.ഇ.ബി | മുപ്പറ എസ്സി കോളനിയിൽ എൽ. ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ | 22000875, 25/02/2021 | 40000 | 39141 | 859 |
| വാട്ടർ അതോറിറ്റി | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22000791, 26/03/2021 | 1400000 | 1400000 | 0 |
| ഭൂജല വകുപ്പ് | തെക്കും മുറി കുടിവെള്ള പദ്ധതിക്കായി ഭൂജല വകുപ്പിൽ | 22000886, 26/03/2021 | 500000 | 500000 | 0 |

| | | | | | |
|---|---|---|---|---|---|
| | തുക ഡെപ്പോസിറ്റ് ചെയ്യൽ | | | | |
| വാട്ടർ അതോറിറ്റി | ജല ജീവൻ മിഷൻ പദ്ധതി 15 ശതമാനം വിഹിതം നൽകൽ | 22000835, 25/02/2021 | 266000 | 266000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ, വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് KURDFC ലോൺ വായ്പയിനത്തിൽ 30,00,000/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (തൻവർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി-ലൈഫ് | GO(ms)No.10/18 Dt.30.07.18 | 30,00,000 | 1,46,23,607/- | 17,42,079/- | - | 1,58,81,528 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 360/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 1999-2000 | 2(1) | 360 | എസ്.രാജശേഖരൻ, അസി. സെക്രട്ടറി | 120010100237/04.06.20 |
| ആകെ തുക: | | 360 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003 | 2-3 | 2007-2008 | 3.26.1 | വി.ഇ.ഒ നിർവ്വഹിച്ച സമ്പൂർണ്ണശുചിത്വ പദ്ധതിയിലെ ധനദുർവിനിയോഗം | ആർ.ആർ.നടപടിക്ക് അയച്ചു. |
| 2002-2003 | 2-9 | 2007-2008 | 3.21.2 | രേഖകൾ ഹാജരാക്കാതിരുന്നത് 13500/- രൂപ | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,99,06,169 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,95,93,018 |
| വരവിനങ്ങളിലുള്ള നഷ്ടം | 11299/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 233807/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7632294/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 10880/- | | ശ്രീമതി.ശോഭ.കെ, സെക്രട്ടറി, 06-11-20ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ. (*ടി കമ്മറ്റിയിൽ പങ്കെടുത്തവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു) |
| 2-1 | 419/- | | ശ്രീ.മുഹമ്മദ് ഇക്ബാൽ.എം, സെക്രട്ടറി. |
| 3-1 | | 3432/- | 2184-ശ്രീമതി.ശോഭ.കെ, സെക്രട്ടറി.<br>1248- ശ്രീ.മുഹമ്മദ് ഇക്ബാൽ.എം, സെക്രട്ടറി. |
| 3-2-(1&2) | | 6821/- | ശ്രീ.ശരവണേശ്വർ.എൽ.ആർ, അസ്സി.എൻജിനീയർ. |
| 3-3 | | 15736/- | Rs-4777/- ശ്രീ.ശരവണേശ്വർ.എൽ.ആർ, അസ്സി.എൻജിനീയർ.<br>Rs-10959/- ശ്രീ.സതീഷ് കുമാർ, അസ്സി.എൻജിനീയർ. |
| 3-6 (1) | | 9000/- | ഡോ.ജോസ് ജോൺ, വെറ്ററിനറി സർജൻ |
| 3-6 (2) | | 1,80000/- | ഡോ.ജോസ് ജോൺ, വെറ്ററിനറി സർജൻ |
| 3-7 | | 11446/- | ശ്രീമതി.ശോഭ.കെ, സെക്രട്ടറി.<br>ശ്രീ.മുഹമ്മദ് ഇക്ബാൽ.എം, സെക്രട്ടറി (464/-) |
| 3-8 | | 7372/- | ശ്രീമതി. സുനിഷ.എസ്, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | 11299/- | 233807/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേര് |
|---|---|---|
| 1-15 | 507000/- | ശ്രീമതി.സുനിഷ.എസ്,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ, തകഴി |
| 1-18 | 770000/- | ശ്രീ.മുഹമ്മദ് ഇക്ബാൽ.എം.,സെക്രട്ടറി. |
| 1-19 | 46800/- | ശ്രീ.രാജീവ്.പി, സെക്രട്ടറി. |
| 1-22 | 5652916/- | 1)2786916/- ശ്രീ.ബിന്ദുരാജ് എം.എ, സെക്രട്ടറി.<br>2)2866000/-ശ്രീ.മുഹമ്മദ് ഇക്ബാൽ.എം.,സെക്രട്ടറി. |
| 1-23 | 52140/- | ശ്രീമതി. സുനിഷ.എസ്,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ. |
| 1-24 | 371741/- | ശ്രീ.എം .മുഹമ്മദ് നൌഷാദ്,<br>കൃഷി ഓഫീസർ |
| 1-26 | 85117/- | ഡോ.ഷിബു.എസ്,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-27 | 55000/- | ശ്രീ.എം .മുഹമ്മദ് നൌഷാദ്,<br>കൃഷി ഓഫീസർ |
| 1-35 | 91,580/- | ശ്രീമതി.റസിയ ബീവി,<br>എക്സ്റ്റൻഷൻ ഓഫീസർ, തകഴി |
| ആകെ | 7632294/- | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേര് |
|---|---|---|
| 3-4 | 30966/- | 1)15483- ശ്രീ.മുഹമ്മദ് ഇക്ബാൽ.എം.,സെക്രട്ടറി. |
| | | 2)15483-ശ്രീമതി,<br>അക്രെഡിറ്റഡ് എൻജിനീയർ.,<br>MGNREGS,തകഴി. |
| 3-5 | 11436/- | 1)5718/- ശ്രീ.മുഹമ്മദ് ഇക്ബാൽ.എം.,സെക്രട്ടറി |
| | | 2)5718/-ശ്രീമതി.സിമി സൂസൻ,<br>അക്രെഡിറ്റഡ് എൻജിനീയർ. |
| 3-9 | 27273/- | ശ്രീമതി.ശോഭ.കെ, സെക്രട്ടറി. |
| ആകെ | 69675/- | |

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സതീഷ് കുമാർ, അസി.എഞ്ചിനീയർ. | അസി.എഞ്ചിനീയർ,<br>തകഴി ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ. | ചമ്പക്കര പുത്തൻവീട്<br>കല്ലാർ.പി.ഒ,വിതുര തിരുവനന്തപുരം |
| ശരവണേശ്വരൻ.എൽ.ആർ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | ശരവണേശ്വരൻ.എൽ.ആർ,<br>എക്സി.എഞ്ചിനീയർ, റീ ബിൽഡ്<br>കേരള, കോട്ടയം | ശരവണേശ്വരൻ.എൽ.ആർ,<br>ലക്ഷ്മീപുരം, പള്ളം(പി.ഒ) കോട്ടയം |
| ശ്രീമതി.ശോഭ.കെ, സെക്രട്ടറി. | സെക്രട്ടറി, കോടംതുരുത്ത്<br>ഗ്രാമപഞ്ചായത്ത് | |
| ശ്രീ.മുഹമ്മദ് ഇക്ബാൽ.എം., സെക്രട്ടറി. | സെക്രട്ടറി,<br>തകഴി ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ. | തൗഫീക്ക് മൻസിൽ ആലപ്പുഴ |
| ഡോ.ജോസ് ജോൺ,<br>വെറ്ററിനറി സർജൻ | വിരമിച്ചു. | മിഥുൻ നിവാസ്, ശാസ്താംകോട്ട,<br>കൊല്ലം |
| ശ്രീ.രാജീവ്.പി, സെക്രട്ടറി.<br>(ഇൻചാർജ്ജ്) | അസി.സെക്രട്ടറി, പുഴക്കാട്ടിരി,<br>ഗ്രാമപഞ്ചായത്ത്, മലപ്പുറം | കളരിയ്ക്കൽ,<br>നോർത്ത് ആര്യാട് |
| ശ്രീമതി. സുനിഷ.എസ്,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | ഐ.സി.ഡി.എസ് ചമ്പക്കുളം,<br>മങ്കൊമ്പ്തെക്ക്, ചമ്പക്കുളം | സുനീഷ.എസ് കുട്ടമ്പറമ്പിൽ<br>ഹൗസ്, സനാതനപുരം.പി.ഒ,<br>കളർകോട് |
| ശ്രീമതി.റസിയ ബീവി,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>തകഴി | തോപ്പിൽ സനാബെയ്ത്ത്, പുന്നപ്ര |
| ശ്രീ.ബിന്ദുരാജ് എം.എ, സെക്രട്ടറി. | സെക്രട്ടറി,<br>മലയൻകീഴ് ഗ്രാമപഞ്ചായത്ത്,<br>തിരുവനന്തപുരം | |
| ശ്രീ.എം.മുഹമ്മദ് നൌഷാദ്, കൃഷി<br>ഓഫീസർ | എ.ഒ ജില്ലാ കൃഷിത്തോട്ടം,<br>പെരിങ്ങമല, തിരുവനന്തപുരം | എം.എ,സ് മൻസിൽ,<br>പനയമുട്ടം.പി.ഒ,<br>നെടുമങ്ങാട് |
| ഡോ.ഷിബു.എസ്,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)<br>തകഴി | മേലേകല്ലുവിള,<br>പരട്ടുകോണം,<br>നാലാഞ്ചിറ |
| ശ്രീമതി.സിമി സൂസൻ ചെറിയാൻ,<br>അക്രെഡിറ്റഡ് എൻജിനീയർ.,<br>MGNREGS, തകഴി. | അക്രെഡിറ്റഡ് എൻജിനീയർ, തകഴി | പാലക്കളത്തിൽ –<br>പുത്തൻപറമ്പിൽ,<br>പാണ്ടങ്കരി.പി.ഒ. |

| | | |
|---|---|---|
| | | കോയിൽമുക്ക് എടത്വ |

*06-11-20ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ

| പേര് | വാർഡ് നമ്പർ | മേൽവിലാസം |
|---|---|---|
| ഡി.സുബാഷ് | വാർഡ് 13 | |
| അംബികാ ഷിബു | വാർഡ് 10 | |
| ജോമ ബിജ | വാർഡ് 5 | |
| ഗീതാഞ്ജലി | വാർഡ് 11 | |
| മേരി സിൻഡ്രല്ല | വാർഡ് 9 | |
| നിസാർ.യു | വാർഡ് 12 | |
| ജെസി ജെയിംസ് | വാർഡ് 7 | |
| കെ.സുഷമ്മ | വാർഡ്14 | |
| റോസ് മിനി മാത്യു | വാർഡ് 8 | |
| ഗണേഷ്കുമാർ.എ. | വാർഡ് 1 | |
| കെ.വിമലമ്മ | വാർഡ് 6 | |
| പി.കെ.വാസുദേവൻ | വാർഡ് 5 | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1996-97 മുതൽ 2004-05 വരെ | എൽ.എഫ്.ജിഎ5-1832/11, തീയതി 21.03.2012 |
| 2005-06 മുതൽ 2009-10 വരെ | എൽ.എഫ്.ജിഎ5/1577/13, തീയതി 16.05.2014 |
| 2010-11 & 2011-12 | എൽ.എഫ്.എ.പി.1/1491/13, തീയതി 07.08.2013 |
| 2012-13 & 2013-14 | എൽ.എഫ്.എ.പി.1/1959/2014, തീയതി 15.01.2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി.1-658/16, തീയതി 04.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.1-1483/16, തീയതി 06.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി.1-614/17, തീയതി 16.06.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി.1-320/19, തീയതി 06.06.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി.1-180/2020, തീയതി 12.06.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.1-383/2021, തീയതി 08.04.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്